സത്യം മിനിസ്ട്രീസ്

# ജീവവചനം

അക്ഷരത്തിലൂടെ ആത്മാക്കൾ | ദ്വൈവാരിക

20 Years in Literature Ministry

❖ 29 ഏപ്രിൽ 2008 ❖ പുസ്തകം 16 ❖ലക്കം 40 ❖വില 2.00

# ഐ. ബി. എഫ്. കോൺഫറൻസ്

## ജൂലൈ 2 മുതൽ 6 വരെ

**ഒഹായോ:** ഒഹായോ കോൺഫറൻസ് എന്ന പേരിൽ അറിയപ്പെടുന്ന ഇന്ത്യൻ ബ്രദറൺ ഫെല്ലോഷിപ്പിന്റെ നേതൃത്വത്തിലുള്ള കോൺഫ്രൻസിന് ഒഹായോ ഒരിക്കൽകൂടി വേദിയാകുന്നു. ഐ. ബി. എഫിന്റെ മുപ്പത്തിയൊന്നാമത് കോൺഫ്രൻസാണിത്. ജൂലൈ 2 മുതൽ 6 വരെയാണ് ഈ വർഷത്തെ കോൺഫ്രൻസ്. ഒഹായോവിലെ മൗണ്ട് വെർണൽ നസറത്ത് യൂണിവേഴ്സിറ്റിയിൽ വെച്ചാണ് സമ്മേളനം നടക്കുക. "ഭൂമിയുടെ അറ്റത്തോളം" എന്നതാണ് കോൺഫറൻസ് തീം. സുവിശേഷ ദൗത്യം എന്ന വിഷയത്തെ ആധാരമാക്കിയുള്ള സന്ദേശങ്ങളായിരിക്കും പ്രധാനമായും വേദിയിൽ ഉയരുക. ജെ. ബി. നിക്കോൾസൺ, ഡോ. അലക്സാണ്ടർ കുര്യൻ എന്നിവരെക്കൂടാതെ ഇന്ത്യയിൽ നിന്നും, നോർത്ത് അമേരിക്കയിൽ നിന്നുമുള്ള സഹോദരന്മാർ കോൺഫറൻസിൽ വചനം ശുശ്രൂഷിക്കും.

## ബഥനി ബൈബിൾ സ്കൂൾ 59–ാമതു ബാച്ച് പൂർത്തിയാക്കി

**കുമ്പനാട്:** ബഥനി ബൈബിൾ സ്കൂളിന്റെ അൻപത്തിയൊൻപതാമത് ബാച്ചിന്റെ സമാപന സമ്മേളനം മാർച്ച് 21ന് കുമ്പനാട് ബ്രദറൺ സഭാ ഹാളിൽ നടന്നു. ഡോ. ഒ. എം. ശാമുവേൽ അദ്ധ്യക്ഷനായിരുന്നു. ഈ ബാച്ചിൽ 13 പേരാണ് പഠനം പൂർത്തീകരിച്ചത്. പി. ജെ. എബ്രഹാം, കെ. വി. ജോൺ, എ. ജെ. ഉമ്മൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കെ.വി. ജോർജ്ജ്, സി. എ. ജോർജ്ജ്, പി. എം. ചാക്കോ, എം. ജെ. സാമുവൽ, സി. ജെ. ചാക്കോ, സി. വി. സാമുവൽ എന്നിവർ വിവിധ ശുശ്രൂഷകൾ ചെയ്തു.

## സുവിശേഷകൻ ബാലസംഘം ക്യാമ്പ് തൃശൂരിൽ

**തൃശൂർ:** സുവിശേഷകൻ ബാലസംഘത്തിന്റെ ആഭിമുഖ്യത്തിൽ 2008 സെപ്റ്റംബർ 9–13 വരെ നെല്ലിക്കുന്ന് സിയോൻ ബ്രദറൺ ചർച്ചിൽ വെച്ച് ക്യാമ്പ് നടക്കുന്നതായിരിക്കും. "ദൈവത്തെ ഭയപ്പെടുക; മറക്കരുത്" എന്നതാണ് ക്യാമ്പ് തീം. ബ്രദർ ബിനു സാമുവൽ (പത്തനംതിട്ട), ബ്രദർ റെജി. കെ. തോമസ് (നെല്ല്യാടി), ഡോ. ജോൺ എബ്രഹാം (തിരുവനന്തപുരം), ബ്രദർ എബ്രഹാം ജേക്കബ് (റാന്നി) എന്നിവർ മുഖ്യ ലീഡേഴ്സ് ആയിരിക്കും. സംഗീതം, വേദവിജ്ഞാനം, പ്രസംഗം, കഥ എന്നിവയ്ക്ക് മത്സരങ്ങൾ ഉണ്ടായിരിക്കും.

## വചനവാഹിനി പാലക്കാട് ജില്ലയിൽ



**പാലക്കാട്:** വചന വാഹിനി ടീം കണ്ണൂർ ജില്ലയിലെ പ്രവർത്തനത്തിനു ശേഷം പാലക്കാട് ജില്ലയിൽ വിവിധ ആത്മീയ ശുശ്രൂഷകളിൽ ഏർപ്പെട്ടു വരുന്നു.

കണ്ണൂർ ജില്ലയിലെ ആലക്കോട്, തേർത്തെല്ലി, റെയ്റോം, കരുവഞ്ചാൽ, പയ്യന്നൂർ, രാമൻതളി എന്നിവിടങ്ങളിൽ സുവിശേഷ പ്രഭാഷണം, സംഗീത ശുശ്രൂഷ, ഭവനസന്ദർശനം, ബൈബിൾ ക്ലാസ്സ് മുതലായവ അനുഗ്രഹകരമായി നടന്നു. പി. എൻ. തോമസ്, പി. എസ്. ജോൺ, ജെഫ്രി ജോൺ മുതലായവർ പ്രവർത്തനങ്ങളിൽ സഹായിച്ചു.

ഏപ്രിൽ 22–29 വരെ പാലക്കാടു ജില്ലയിലെ കരിമ്പാറ, നെല്ലിയാംപതി, പോത്തുണ്ടി, നെല്ലിച്ചോട്, ചക്രായി എന്നിവടങ്ങളിൽ പ്രവർത്തിച്ചു. ഇവിടെ സുവിശേഷകന്മാരായ സി.പി. ജോഫി, വിജു.സി.ജോൺ, കൊച്ചുകുഞ്ഞ്, സെബാസ്റ്റ്യൻ എന്നിവർ പ്രവർത്തനങ്ങളിൽ ടീമിനോടൊപ്പം പ്രവർത്തിച്ചു. സഹോദരൻ മാത്യൂസ്, ബിനു, ചീനാ, ജോൺ എന്നിവരുടെ നേതൃത്വത്തിലാണ് വചന വാഹിനി ടീം പ്രവർത്തിക്കുന്നത്.

## പ്രൊഫ. ചെറിയാൻ മാത്യു നിത്യതയിൽ



**പുത്തൻകാവ്:** പ്രൊഫസർ ചെറിയാൻ മാത്യു(രാജു)52, ഏപ്രിൽ 19 ന് നിര്യാതനായി. എറണാകുളം ലേക്ഷോർ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. 21 തിങ്കളാഴ്ച പുത്തൻകാവിൽ മൃതശരീരം സംസ്ക്കരിച്ചു. ആത്മീയശുശ്രൂഷകളിൽ ഏറെ പ്രയോജനപ്പെട്ടിരുന്ന സഹോദരൻ പുത്തൻകാവ് ബ്രദറൺ അസംബ്ലിയിലെ മൂപ്പന്മാരിൽ ഒരാളായിരുന്നു. ഭാര്യ: ഡോ. ആനിയമ്മ ചെറിയാൻ, (ടി. എം. എം. ഹോസ്പിറ്റൽ) മക്കൾ: സ്മിത, ദീപു, സിബി, ബിനോയ്. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക.

## നോർത്ത് ഇന്ത്യാ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് പുതിയ ബാച്ച് ആരംഭിക്കുന്നു

**അൾവർ:** നോർത്ത് ഇന്ത്യാ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ ബാച്ച് ജൂലൈയിൽ ആരംഭിക്കും. ഇംഗ്ലീഷ് മാധ്യമത്തിൽ Dip.Th; B.Th എന്നീ ഡിഗ്രികളും ഹിന്ദി മാധ്യമത്തിൽ C.Th. ഉം നല്കും. വചനപഠനത്തോടൊപ്പം കമ്പ്യൂട്ടർ പഠനവും നല്കുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു. പതിനഞ്ച് വിദ്യാർത്ഥികൾക്കാണ് പ്രവേശനം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

Director N. I.B.I.
148 Lajpat Nagar,
Alwar-301001,
Phone:0144-2336249, 2337165

## മതസ്വാതന്ത്ര്യത്തിന് സൗദിയിൽ സാധ്യത

**റിയാദ്:** 15 ലക്ഷത്തിലധികം ക്രിസ്ത്യാനികൾ ഉള്ള സൗദിയിൽ മതസ്വാതന്ത്ര്യത്തിന് സാധ്യതയുള്ളതായി മാധ്യമങ്ങൾ വെളിപ്പെടുത്തുന്നു. സൗദി രാജാവും വത്തിക്കാൻ പ്രതിനിധി ആർച്ച് ബിഷപ്പ് പോൾ മൗണ്ട്സ് എൽഹച്ചെം നടത്തിയ ചർച്ചകളിലാണ് മറ്റു മതങ്ങളുമായി സൗഹാർദ്ദം പുലർത്തുവാനുള്ള ആഗ്രഹം വെളിപ്പെടുത്തിയത്.

5% മുതൽ 70% വരെ വിലക്കിഴിവ്

സത്യം പബ്ലിക്കേഷൻസ് ഒരുക്കുന്ന



8000 ച. അടി വിസ്തീർണ്ണത്തിൽ അതിവിശാലമായ പുസ്തകശാല

പുസ്തകമേള

അക്ഷരഖനി

സത്യകൂടാരം, തിരുവല്ല

2008 ഏപ്രിൽ 15 മുതൽ മെയ് 15 വരെ

മലയാള ക്രൈസ്തവ പുസ്തക പ്രസാധനം ലോക നിലവാരത്തിലെത്തിച്ച സത്യം പബ്ലിക്കേഷൻസിന്റെ ഒന്നാംകിട ഗ്രന്ഥങ്ങൾക്കൊപ്പം ലോകമെമ്പാടുമുള്ള വിദേശ പ്രസാധകരുടെ പുസ്തകങ്ങളും വമ്പിച്ച ആദായനിരക്കിൽ ഇവിടെ നിങ്ങൾക്ക് വാങ്ങാം. ബൈബിൾ സാഹിത്യത്തിന്റേയും വിജ്ഞാനത്തിന്റേയും സർവ്വമണ്ഡലവും ഉൾക്കൊള്ളുന്ന വമ്പിച്ച ശേഖരം. പുസ്തകങ്ങൾ വാങ്ങണമെന്നില്ല; ദയവായി വന്നു വായിക്കുക മാത്രം ചെയ്യൂ.....

ബുക്ക് ക്ലബ്ബ് അംഗങ്ങൾക്ക് പ്രത്യേക വിലകിഴിവ്

Sathyam Publications
Thottabhagom P.O, Thiruvalla - 689 541, Kerala, S. India.
Tele/Fax: 0469 - 2619657, 2619209, 2619005
Mobile: 9447126182, 9446026182
E-Mail: satyam_india@yahoo.com, office@truthintl.org
Web Site: www.truthintl.org

**പത്രാധിപ സമിതി**

ചീഫ് എഡിറ്റർ
സി. വി. വടവന
എ. വി. ജോൺ
ജിജോ അങ്കമാലി
എ. സി. ജോസഫ്
(സബ് എഡിറ്റർ)
പി. എം. ഏബ്രഹാം
ഈ. എസ്. റെജി

സർക്കുലേഷൻ:
മേരിക്കുട്ടി പി.ജെ.

വിദേശപ്രതിനിധികൾ:

യു.എസ്.എ

ന്യൂയോർക്ക്
എ. ജോൺ ബേബി
845 352 3626

ടെക്സാസ്
മാത്യു തോമസ്
281-397-6923

ഡാളസ്
എഡ്വിൻ ജോസഫ്
972 487 2000

മിനിസോട്ടാ
വർഗീസ് പി.വർഗീസ്
651 686 9797

ഡിട്രോയിറ്റ്
കെ.സി. ജോൺസൺ
248 528 9128

ചിക്കാഗോ
താരു വർഗീസ്
630 910 4148

ഹൂസ്റ്റൺ
രാജൻ മാത്യു
281 443 0060

ബഹ്റിൻ
ജെ. ഡി. പോൾ
714 431

യു.എ.ഇ
അബുദബി
ബിജോയ് ജോൺസ് ജോർജ്
050 – 5313382

ഷാർജ
സി. എം. ജേക്കബ്
050-634 6356



**ജീവവചനം**

*ഏറ്റവും പ്രചാരമുള്ള ബ്രദറൺ വാർത്താ വാരിക*

വാർഷിക വരിസംഖ്യ
ഇൻഡ്യയിൽ 50 രൂപ
ആയുഷ്ക്കാല വരിസംഖ്യ 500 രൂപ
USA $ 25
മറ്റു രാജ്യങ്ങൾ 600 രൂപ



വിലാസം
ജീവവചനം
സത്യം മിനിസ്ട്രീസ്
തോട്ടഭാഗം പി.ഒ.
തിരുവല്ല - 689 541
ഫോൺ: 0469-2619209
ഫാക്സ്: 0469-2619005

US Address
Sathyam Ministries
P.O. Box. 1088
LA Mirada,
CA-90637
Tel: 562 477 1211

WWW. Truthintl. org


തലക്കുറി

# ദൈവത്തിനു കൊടുക്കുക

ഏറ്റവും ശ്രേഷ്ഠമായത് ഏറ്റവും അധികം നൽകു ന്നവനാണ് ദൈവം. ദൈവത്തിന്റെ ഏറ്റവും വലിയ ദാനമാണ് പുത്രനിലൂടെ നൽകിയ രക്ഷ. ദൈവം നൽകിയതല്ലാതെ നമുക്ക് എന്താണ് ഉള്ളത്? ദൈവത്തിന്റെ അനവധിയായ അനുഗ്രഹങ്ങൾ അനുഭവിക്കുന്ന നാം അവനെപ്പോലെ കൊടുക്കുന്നവരായിരിക്കണം. “കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും” എന്നാണ് കർത്താവ് പറഞ്ഞത്. (ലൂക്കോസ് 6:38). വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് ലാഭം എന്നും കർത്താവ് പറഞ്ഞിട്ടുണ്ടല്ലോ. (അ.പ്ര. 20:35). പലർക്കും വാങ്ങുന്നതാണ് ഭാഗ്യം. അവർ വാങ്ങുക മാത്രമേയുള്ളു കൊടുക്കാറില്ല. ദൈവജനം തങ്ങൾക്കു ലഭിച്ച സകല നന്മയുടേയും ഓഹരി ദൈവത്തിനു കൊടുക്കേണ്ടത് ആവശ്യമാണ്. ഇതു ദൈവത്തിന്റെ പ്രമാണമാണ്. പഴയ നിയമത്തിൽ സകലത്തിലും ദശാംശം കൊടുക്കണമെന്ന് ദൈവം കൽപ്പിക്കുകയുണ്ടായി. (ലേവ്യ 27:30). യേശുക്രിസ്തു ദശാംശം കൊടുക്കുന്നതിനെ വിലക്കിയില്ല. ന്യായവും കരുണയും വിശ്വസ്തതയും ത്യജിച്ചിട്ട് പതാരം കൊടുക്കുന്നതിനെയാണ് അവൻ വിമർശിച്ചത്. (മത്താ 23:23). ദശാംശം പുതിയ നിയമസഭയ്ക്കുള്ള നിർദ്ദേശമല്ലെന്നും ആണെന്നുമുള്ള തർക്കം നിലനിൽക്കുന്നുണ്ട്. അത് തെളിയിക്കുകയല്ല ഇവിടെ; ദൈവത്തിനു കൊടുക്കുക എന്ന വിഷയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മനസ്സിൽ ആദ്യം തെളിയുന്നത് മക്കദോന്യ സഭകളുടെ ചിത്രമാണ് (2കൊരി 8:1). കൊരിന്തിലെ വിശ്വാസികളോടു പൗലോസ് പറഞ്ഞത് “വിശ്വാസം, വചനം, പരിജ്ഞാനം, പൂർണ്ണജാഗ്രത. ഞങ്ങളോടുള്ള സ്നേഹം ഇങ്ങനെ എല്ലാറ്റിലും നിങ്ങൾ മുന്തിയിരിക്കുന്നതുപോലെ ഈ ധർമ്മകാര്യത്തിലും മുന്തിവരുവിൻ”(2കൊരി 8:7) എന്നാണ്. കൊടുക്കുന്നത് ആത്മീയതയുടെ ലക്ഷണങ്ങളിൽ ഒന്നാണ്. ഇല്ലാത്തതുകൊണ്ടാണ് കൊടുക്കാത്തതെന്ന് ചില വിശ്വാസികൾ പറയാറുണ്ട്. പ്രാപ്തിക്കുമീതെ ദൈവത്തിനു കൊടുക്കുവാൻ അവർ തയ്യാറായി. അവരുടെ ഹൃദയം ധനത്തിലായിരുന്നില്ല, കൊടുക്കുന്നതിലായിരുന്നു. കർത്താവ് പറഞ്ഞു; നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും (മത്തായി 6:21). നമ്മുടെ ആത്മീയതയുടെ പൾസ് അളക്കുവാനുള്ള ഒരു മാനദണ്ഡം നാം ദൈവത്തിന് എത്രമാത്രം കൊടുക്കുന്നു എന്നതും കൂടിയാണ്.

ദൈവഹിതപ്രകാരമുള്ള കൊടുക്കലിനെക്കുറിച്ചാണ് 2കൊരി. 9:7 ൽ പൗലോസ് പറഞ്ഞിരിക്കുന്നത്. അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്; നിർബന്ധത്താലുമരുത്; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. കൊടുക്കുന്നതിലുള്ള മനോഭാവമാണ് ദൈവം ആദരിക്കുന്നത്. രണ്ടു കാശിട്ട വിധവയുടെ പ്രവൃത്തിയെ കർത്താവ് എടുത്തു പറഞ്ഞത് അതുകൊണ്ടാണ്.

ദൈവം നമുക്കു നൽകിയിട്ടുള്ള ആത്മീയ നന്മകളിൽ നിന്നും അവന്റെ വേലയ്ക്കായി കൊടുക്കുവാൻ നാം മനസ്സുള്ളവരായിരിക്കണം. കൊടുക്കുക എന്ന കൃപ ലഭിക്കുവാനും പ്രാർത്ഥിക്കുക.

**പി. എം. ഏബ്രഹാം**

സഹോദരിമാരോട്

# സദൃശ്യം 31 ലെ സ്ത്രീ



എൽസി ബേബി

ലെമൂവേൽ രാജാവിന്റെ അമ്മ തന്റെ മകനു നല്കിയ ഉപദേശങ്ങളാണല്ലോ സദൃശ്യം 31-ൽ നാം കാണുന്നത്. യഹോവാഭക്തിയുള്ള ഒരമ്മയ്ക്കു തന്റെ മകന്റെ ആത്മീയവും സാമൂഹ്യവും അദ്ധ്യാത്മികവുമായ വിഷയങ്ങളിന്മേലുള്ള കരുതലും, നോട്ടവും, ഹൃദയവാഞ്ചയും നമുക്കിവിടെ ദർശിക്കാവുന്നതാണ്. നിലനില്ക്കുന്നതും ദൈവം പ്രസാദിക്കുന്നതുമായ സൽപ്രവർത്തികൾക്കായി മകന്റെ ശ്രദ്ധതിരിച്ചുവിടുന്നതിനോടൊപ്പം തന്റെ മകന്റെ വിവാഹത്തെക്കുറിച്ചും ആ മാതാവു തന്റെ അനുഭവത്തിന്റെ വെളിച്ചത്തിലും ജീവിതപരിജ്ഞാനത്തിന്റെ വിവേകത്തിലും അവനു ലഭിക്കുന്ന ഭാര്യ എങ്ങനെയുള്ളവളായിരിക്കണം എന്ന് ഉപദേശിക്കുന്നു. തന്റെ മക്കളെക്കുറിച്ചുള്ള അമ്മമാരുടെ അനുമാനവും ഹൃദയവാഞ്ചയും അവർ ലോകത്തിലെ ശ്രേഷ്ഠന്മാരായി ഉന്നത ബിരുദധാരികളായി ഉദ്യോഗസ്ഥരായി ധാരാളം പണം സമ്പാദിക്കുന്നവരായി തീരണമെന്നല്ലെ? അതിനുവേണ്ടി എന്തു വില കൊടുക്കുവാനും അവർ തയ്യാറാണല്ലോ? ദൈവഭക്തിയോടും ആത്മീയകാഴ്ചപ്പാടുകളോടും, ക്രിസ്തുവിന്റെ സ്വഭാവമുള്ളവരായും, തന്റെ മക്കൾ വളർന്നു കാണുവാനാഗ്രഹിക്കുന്ന അമ്മമാർ ഇന്ന് എത്ര കാണാം? ഏതു ഉയർച്ചയുടേയും, അനുഗ്രഹങ്ങളുടെയും അടിസ്ഥാനം യഹോവഭക്തിയും, ഉയരത്തിൽ നിന്നുമുള്ള ദൈവികജ്ഞാനവുമാണ്. തന്റെ മകനു ലഭിക്കുന്ന ഭാര്യ സാമർത്ഥ്യമുള്ളവളും, യഹോവഭക്തിയുള്ളവളുമായിരിക്കണം എന്നതാണ് ആ മാതാവിനു തന്റെ മകനോടു പറയുവാനുണ്ടായത്. ഒരു പുരുഷനെ മഹാനാക്കുന്നതും ദൈവപ്രസാദമുള്ള പുരുഷനാക്കുന്നതും അവന്റെ ഭാര്യയായിരിക്കും. സാമർത്ഥ്യമുള്ള ഒരു സ്ത്രീ എന്നു പറയുമ്പോൾ അങ്ങനെ ആരും ജനിക്കുന്നില്ല. പെൺകുട്ടികളെ ശൈശവപ്രായം മുതൽ വളർത്തിയെടുക്കുമ്പോൾ മാതാപിതാക്കന്മാരിൽ നിന്നും അദ്ധ്യാപകരിൽ നിന്നും മതാദ്ധ്യക്ഷന്മാരിൽ നിന്നും ലഭിക്കുന്ന പരിജ്ഞാനം കൊണ്ട് അവർ സാമർത്ഥ്യമുള്ളവരായിത്തീരുന്നു. ഉയരത്തിൽ നിന്നുള്ള ദൈവികജ്ഞാനം പ്രാപിക്കുവാൻ പെൺകുട്ടികളെ അഭ്യസിപ്പിച്ചാൽ അവർ യഹോവ ഭക്തിയുള്ളവരും, ഭർത്താവിനു തക്ക തുണയായവളും, മക്കളെ പോറ്റി വളർത്തുവാൻ തക്ക വിവേകവും കഴിവുകളുമുള്ളവരായി വളർന്നുവരും. സദൃശ. 31-ലെ സ്ത്രീ അങ്ങനെ വളർന്നവളാകുന്നു. യഹോവഭക്തിയിൽ അടിസ്ഥാനപ്പെട്ടുവളർന്നവൾ! അത്യുത്സാഹി ഭർത്താവിന്റേയും മക്കളുടേയും, വീട്ടുകാരുടെയും കാര്യങ്ങൾ ആവശ്യാനുസരണം, ബുദ്ധിയോടെ നോക്കിക്കണ്ടും ചെയ്യുവാൻ പ്രാപ്തിയുള്ളവൾ! അവളുടെ മക്കൾ എഴുന്നേറ്റ് അവളെ ഭാഗ്യവതി എന്നു പുകഴ്ത്തുന്നു. അവളുടെ ഭർത്താവു പ്രശംസിക്കുന്നത് അനേകം തരുണികൾ സാമർത്ഥ്യം കാണിച്ചിട്ടുണ്ട്: നീയോ അവരെല്ലാവരിലും ശ്രേഷ്ഠയായിരിക്കുന്നു. ലാവണ്യംവ്യാജവും, സൗന്ദര്യം വ്യർത്ഥവുമാകുന്നു. യഹോവ ഭക്തിയുള്ള സ്ത്രീയൊ പ്രശംസിക്കപ്പെടും. അവളുടെ കൈകളുടെ ഫലം അവൾക്കു കൊടുപ്പിൻ. അവളുടെ സ്വന്ത പ്രവൃത്തികൾ പട്ടണവാതില്ക്കൽ അവളെ പ്രശംസിക്കട്ടെ- യഹോവാ ഭക്തിയിൽ ജീവിച്ച അനേകം സ്ത്രീ കളുടെ ഇടയിൽ ഒരു ഭർത്താവിന് തന്റെ ഭാര്യയോളം പ്രശംസിക്കാൻ പറ്റിയതായി ആരേയും കാണുകയില്ല. യൗവ്വനം മുതൽ വാർദ്ധിക്യം വരെയുള്ള ഒരു സ്ത്രീയുടെ അനുഭവകഥകളാണ് നമ്മുടെ പഠനത്തിനായി നല്കിയിരിക്കുന്നത്. നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ പകർത്തുവാനാവശ്യമായ സ്വഭാവവൈശിഷ്ഠ്യങ്ങൾ! അവളുടെ വിളക്കു രാത്രിയിൽ കെട്ടുപോകുന്നില്ല. പകൽ മുഴുവൻ അദ്ധ്വാനിച്ചിട്ട് രാത്രിയാമങ്ങളിൽ ഉണർന്നിരുന്നു പ്രാർത്ഥിക്കുന്ന അമ്മമാർ ഇന്നെവിടെ? പ്രിയ സഹോദരിമാരേ, യഹോവാഭക്തി നമ്മുടെ ജീവിതത്തിലെ അമൂല്യസമ്പത്തായിരിക്കട്ടെ. വിദ്യാഭ്യാസയോഗ്യതകളേക്കാൾ. ഭൗതികനന്മകളേക്കാൾ, ഉന്നതഉദ്യോഗങ്ങളേക്കാൾ, ലൗകികസുഖങ്ങളേക്കാൾ, ധനസമ്പത്തുകളേക്കാൾ, വിലയേറിയതും നിലനില്ക്കുന്നതുമായ ദൈവികജ്ഞാനം സമ്പാദിക്കുവാൻ ഉത്സാഹിക്കാം. ദൈവത്തിലുള്ള ആഴമായ വിശ്വാസം, ആശ്രയം ഇവ നമ്മുടെ പ്രശംസയും അലങ്കാരവുമായിരിക്കട്ടെ. ഭർത്താക്കന്മാർക്കു തക്കതുണകളായ ഭാര്യമാരായി മക്കളെ ദൈവാശ്രയത്തിലും ഭയത്തിലും ഭക്തിയിലും വളർത്തുന്ന അമ്മമാരായി തീരാം.

●



എം.വി. തോമസ്
അടൂർ

# എബ്രായ ലേഖനം ഒരു പഠനം - 7

## ലേഖനത്തിന്റെ എഴുത്തുകാരൻ (തുടർച്ച)

എബ്രായലേഖനകർത്താവ് പൗലോസ് ആണെന്നു ഇതിന്റെ മറ്റൊരു തെളിവ് താൻ ലേഖനങ്ങൾ അവസാനിപ്പിക്കുന്നതിന്റെ വെളിച്ചത്തിലുള്ളതാണ്. 2 തെസ്സ. 3:17, 18 വാക്യം ശ്രദ്ധിക്കുക. "പൗലൊസായ എന്റെ കയ്യാൽ വന്ദനം; സകല ലേഖനത്തിലും ഇതുതന്നേ അടയാളം; ഇങ്ങനെ ഞാൻ എഴുതുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾ എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ". ഈ "അടയാളം"(token) പൌലോസിന്റെ മറ്റു പതിമൂന്നു ലേഖനങ്ങളിലും കാണാവുന്നതാണ്. എന്നാൽ യാക്കോബ്, പത്രോസ്, യോഹന്നാൻ മുതലായവരുടെ ലേഖനങ്ങളുടെ ഒടുവിൽ ഇങ്ങനെയൊരു പ്രത്യേകത കാണുവാൻ കഴിയുന്നില്ല. അതുകൊണ്ട് ഇത് പൗലൊസിന്റെ മാത്രമായൊരു അടയാളമാണ്. എബ്രാ. 13:25 നോക്കുക. കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ എന്നു പറഞ്ഞുകൊണ്ടാണ് അവസാനിപ്പിക്കുന്നത്. ഈ തെളിവും പൌലൊസ് തന്നെയാണ് എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ എന്ന കാര്യത്തിലേക്കു നമ്മെ നയിക്കുന്നു.

എന്തുകൊണ്ട് പൌലൊസിന്റെ പേര് മറ്റുപല ലേഖനങ്ങളിലെപ്പോലെ ഇതിന്റെ തുടക്കത്തിൽ ചേർക്കാതെയിരുന്നു? ഇതിനു മൂന്നു കാരണങ്ങൾ നമുക്കു ചിന്തിക്കാവുന്നതാണ്. ഒന്നാമതായി: ഇത് പ്രധാനമായി എബ്രായ പശ്ചാത്തലത്തിൽ നിന്ന് വേർപെട്ടവർക്ക് എഴുതിയതാണ്. പൗലൊസ് "ജാതികളുടെ അപ്പൊസ്തലൻ" എന്നാണല്ലോ അറിയപ്പെടുന്നത്. രണ്ടാമതായി: ആദ്യമെ തന്റെ പേരു വെളിപ്പെടുത്തിയാൽ യെഹൂദന്മാരുടെ അസൂയയ്ക്കും വെറുപ്പിനും ഇത് മുഖാന്തരമായിത്തീരുമെന്നുള്ളതുകൊണ്ട്, നോക്കുക; പ്രവൃ. 21:27, 28; 22:17-22. മൂന്നാമതായി: ഈ ലേഖനത്തിന്റെ പ്രധാന ഉദ്ദേശം യേശുക്രിസ്തുവിനെ ഉയർത്തുക എന്നുള്ളതാണ്, ഈ ലേഖനത്തിൽ മാത്രമാണ് യേശുക്രിസ്തുവിനെ അപ്പൊസ്തലൻ (3:1) നാമകരണം ചെയ്തിരിക്കുന്നത്.

### അദ്ധ്യായം- രണ്ട്

**പ്രവാചകന്മാരേക്കാൾ ശ്രേഷ്ഠനായ ക്രിസ്തു. 1:1-3**

എബ്രാ. 1:1-3 വരെയുള്ള വാക്യങ്ങൾ ഒരു മുഖവുരയെന്നുമാത്രമല്ല, ഈ ലേഖനത്തിന്റെ ഉപദേശപരമായ ഒരു യത്നചുരുക്കമായും നിലകൊള്ളുന്നു. ക്രിസ്തുവിശ്വാസം എങ്ങനെ യെഹൂദമതത്തേക്കാൾ ശ്രേഷ്ഠമാണെന്നും ചുരുക്കമായും ആഴമായും ഇവിടെ പൗലൊസ് പറയുന്നു. അപ്പോൾതന്നെ തന്റെ സ്വന്തജാതിയായ യെഹൂദ വായനക്കാരെ ഒട്ടുപോലും ചൂടുപിടിപ്പിക്കുവാൻ താൻ താല്പര്യപ്പെടുന്നില്ല. യെഹൂദമതം ദൈവികപദ്ധതിയായിരുന്നെന്നു പറയുന്നു. അവർക്കാണ്ദൈവം തന്റെ കല്പന നല്കിയത്. തന്റെ തിരുവെഴുത്തുകൾ അവരെയാണ് ഭരമേല്പ്പിച്ചത്. അവിടുത്തെ നിത്യമായഹിതം അവർക്കു വെളിപ്പെടുത്തി. സുവിശേഷങ്ങൾ ശ്രദ്ധിച്ചാൽ അബ്രഹാം മുതൽ ദാവീദു വരെ, ദാവീദു മുതൽ പ്രവാസകാലം വരെ, പ്രവാസം മുതൽ ക്രിസ്തുവരെയുള്ള പഴയനിയമ ചരിത്രം രേഖപ്പെടുത്തിക്കൊണ്ടാണ് അത് തുടങ്ങുന്നതെന്നുകാണാം. മത്താ. 1-ൽ യെശയ്യാവ് മുമ്പുകൂട്ടി പറഞ്ഞിരിക്കുന്ന ഇമ്മാനുവേൽ മുതലായ വിഷയങ്ങളും രേഖപ്പെടുത്തിയാണ് തുടങ്ങുന്നത്. അതുപോലെ റോമ. 1:1-3 വരെ "വിശുദ്ധരേഖകളിൽ തന്റെ പ്രവാചകന്മാർ മുഖാന്തരം മുമ്പുകൂട്ടി വാഗ്ദത്തം ചെയ്ത" എന്ന മുഖവുരയോടെയാണ് ആരംഭിക്കുന്നത്.

ദൈവം പിതാക്കന്മാരോടു പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തിരിക്കുന്നു എന്നു പറഞ്ഞ ഉടനെ ഇന്ന് തന്റെ പുത്രൻ മുഖാന്തരം ദൈവം നമ്മോടു അരുളിച്ചെയ്തിരിക്കുന്നെന്നു എഴുത്തുകാരൻ പറയുന്നു. ഈ ലേഖനത്തിന്റെ പ്രധാന ലക്ഷ്യം പഴയനിയമത്തേക്കാൾ പുതിയനിയമം ശ്രേഷ്ഠമാണെന്നു തെളിയിക്കുകയാണ് ഈ വൈരുദ്ധ്യങ്ങൾ. ഇവ തമ്മിലുള്ള യോജിപ്പിന്റെ അടിസ്ഥാനത്തിലുള്ളതാണെന്നു വ്യക്തമായി ഓർത്തിരിക്കണം. ആദ്യമേ തന്നെ ഈ നിയമങ്ങൾ തമ്മിലുള്ള ഐക്യത അഥവാ യോജിപ്പ് മനസ്സിലാക്കുന്നതിന്റെ വെളിച്ചത്തിൽ മാത്രമേ അവ തമ്മിലുള്ള വ്യത്യാസങ്ങൾ മനസ്സിലാക്കുവാൻ കഴിയൂ. പഴയനിയമം നല്കി തന്ന അതേ ദൈവമാണ് പുതിയനിയമവും നല്കിതന്നത്. അതുകൊണ്ട് പഴയനിയമത്തിലും ദൈവീകമഹത്വമാണ് ദർശിക്കുവാൻ കഴിയുന്നത്. തെളിഞ്ഞരാത്രിയിൽ ആകാശത്തിൽ ചന്ദ്രനും നക്ഷത്രങ്ങളും പ്രകാശിക്കുന്നത് എത്ര മനോഹരമാണ്! എന്നാൽ മനോഹരമായ പ്രഭാതത്തിൽ സൂര്യൻ ഉദിച്ചുവരുന്നത് അതിലും ഇമ്പകരവും മനോഹരവുമല്ലേ? അതുപോലെ പ്രവാചകന്മാരും, പഴയനിയമ ഭക്തന്മാരുമായ ചന്ദ്രനക്ഷത്രാദികൾ ആകാശത്തിൽ പ്രകാശിച്ചിരുന്നെങ്കിലും പുതിയനിയമകിരണമായ ക്രിസ്തു പ്രകാശിച്ചത് എത്ര അത്ഭുതകരമാണ്.

---

## പ്രമുഖരായ ആദ്യകാല ബ്രദറൺകാർ

# വില്യം കെല്ലി



ഡോ. സണ്ണി എഴുമറ്റൂർ

സഭയ്ക്കുള്ള ക്രിസ്തുവിന്റെ പ്രത്യേക ദാനങ്ങളിൽ ഒന്നായിരുന്നു വില്യം കെല്ലി. ഇംഗ്ലണ്ടിൽ 1821, മെയ് മാസത്തിൽ അദ്ദേഹം ജനിച്ചു. ഡൗൺ പാട്രിക്, ട്രിനിറ്റി കോളജുകളിലായിരുന്നു വിദ്യാഭ്യാസം ചെയ്തത്. ഡബ്ലിൻ യൂണിവേഴ്സിറ്റിയിലെ പഠനത്തിൽ ക്ലാസ്സിക്കൽ ഉന്നത ബഹുമതി അദ്ദേഹത്തിനുണ്ടായിരുന്നു.

അക്ലന്റ് കുടുംബത്തിലെ ഒരു വനിത 1 യോഹ 5:9-12ലൂടെ ക്രിസ്ത്യൻ സ്വാതന്ത്ര്യത്തിലേക്ക് അദ്ദേഹത്തെ നയിച്ചു. ഡാർബിയെ അദ്ദേഹം കണ്ടെത്തിയത് ഇരുപത്തിനാലാമത്തെ വയസ്സിലാണ്. പിന്നീട് ഡാർബിയുടെ 34 വാല്യങ്ങളുള്ള ലേഖന സമാഹാരങ്ങളും 5 വാല്യങ്ങളിലുള്ള സിനോപ്സിസും അദ്ദേഹം എഡിറ്റു ചെയ്തു. ഗവേഷണ കുതുകിയായ ഒരു പണ്ഡിതനായിരുന്നു അദ്ദേഹം. ഉയർന്ന ധാർമ്മിക ശക്തിയോടും ആത്മീയ പൈതൃകത്തോടും കൂടിയ അപൂർവ്വ ന്യായശാസ്ത്ര നൈപുണ്യവും ഉന്നത നിയതത്വവും സൂക്ഷ്മമായ താർക്കിക ശക്തിയും അദ്ദേഹത്തിനുണ്ടായിരുന്നു.

1856-ൽ തുടങ്ങിയ "ദി ബൈബിൾ ട്രഷറി" എന്ന ആനുകാലികത്തിന്റെ എഡിറ്ററായിരുന്നു കെല്ലി. പ്രമുഖരായ ബ്രദറൺ വ്യാഖ്യാതാക്കളുടെ ലേഖനങ്ങൾ കൊണ്ടു ആ കാലത്തെ പുനഃസ്ഥാപിക്കപ്പെട്ട പ്രായോഗിക ക്രിസ്തീയ സത്യങ്ങളുടെ ഒരു സാക്ഷ്യപത്രമായിരുന്നു ഈ പ്രസിദ്ധീകരണം.

ഡോ. ട്രെഗലസിനെ ഒരു ബിബ്ലിക്കൽ നിരൂപകനായി അദ്ദേഹം സഹായിച്ചു. 1860ൽ "വെളിപ്പാടിന്റെ" ഒരു നിരൂപണ എഡിഷന്റെ പ്രസിദ്ധീകരിച്ചു. ഈ ഗ്രന്ഥത്തെക്കുറിച്ച് പ്രൊഫ. ഹീൻ റിച്ച് ഇവാൾഡ് ഈ വിഷയത്തെക്കുറിച്ച് താൻ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മനോഹരമായ ഇംഗ്ലീഷ് പ്രസിദ്ധീകരണമാണിതെന്നാണ് അഭിപ്രായപ്പെട്ടത്. കെല്ലിയുടെ തൂലികയിൽ നിന്നും ബഹിർഗമിച്ച രചനകൾ എണ്ണിത്തിട്ടപ്പെടുത്തുവാനോ, വിഭജിക്കുവാനോ കഴിയുന്നതല്ല. അവയിൽ പ്രമുഖമായ ചിലതാണ് എലിയറ്റിന്റെ "ഹൊറെ അപ്പോകലിപ്റ്റിക" വിചിന്തനം ചെയ്യപ്പെട്ടിട്ടുള്ള, വെളിപ്പാടു പുസ്തകത്തേക്കുറിച്ചുള്ള ലക്ച്ചറുകൾ. അതുപോലെ അദ്ദേഹത്തിന്റെ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഉപദേശം, വളരെ മൂല്യമുള്ള അപൂർവ്വമായ ഒരു വിശദീകരണമാണ്. ഈ വിഷയത്തിലുള്ള ഏറ്റവും നല്ല കൃതി എന്നാണ് ഡോ. ബ്ലഡ്സോ ഇതിനെക്കുറിച്ചു പ്രസ്താവിച്ചത്.

പതിനയ്യായിരം (15000) വാല്യങ്ങളുള്ള ഗ്രന്ഥങ്ങളടങ്ങുന്ന ഗ്രന്ഥശേഖരങ്ങളുള്ള ഒരു നല്ല ലൈബ്രറി കെല്ലിക്കുണ്ടായിരുന്നു. അവയുടെ ഭാരം 178 ടൺ വരുമെന്നു പറയപ്പെട്ടിരുന്നു. ഇതിൽ പ്രമുഖ കൈയ്യെഴു ത്തു പ്രതികൾ (ചിലത് ശരിപകർപ്പ്) ബഹുഭാഷാ ഗ്രന്ഥങ്ങൾ, സഭാ പിതാക്കന്മാരുടേയും തത്വചിന്തകരുടേയും കൃതികൾ എന്നിവ ഉൾപ്പെടുന്നു. ശാസ്ത്രം, തത്വചിന്ത, ചരിത്രം എന്നീ വിഷയങ്ങളാൽ സമ്പന്നമായിരുന്നു ഈ ഗ്രന്ഥങ്ങൾ. 43 മഹാകാവ്യങ്ങൾ, സഭാചരിത്രം, ദൈവശാസ്ത്രം എന്നിവയും വേദപരമായ ഗവേഷണകൃതികളും നിറഞ്ഞവയായിരുന്നു ഈ ശേഖരം.

സി. എച്ച്. സ്പർജന്റെ തൂലികയിൽ ഇദ്ദേഹത്തെക്കുറിച്ച് ധാരാളം അഭിപ്രായപ്രകടനങ്ങൾ വന്നിരുന്നു, അദ്ദേഹം തന്റെ ലേഖനങ്ങളിൽ കെല്ലിയെക്കുറിച്ച് പരാമർശിച്ചത് ഇനി രേഖപ്പെടുത്തുന്നു.

ഒന്നാമത്, എസ്ക്ലൂസീവ് പ്ലീമത്ത് പണ്ഡിതരിലെ പ്രമുഖ ഗ്രന്ഥകാരനായിരുന്നു. രണ്ടാമതായി, തന്റെ വിഭാഗത്തിന്റെ പ്രത്യേക ഉപദേശങ്ങളോടു ചായ്വു കാണിച്ചു, വളരെ സമർത്ഥമായി വ്യാഖ്യാനിക്കുന്ന ബ്രദറൺ വിഭാഗത്തിലെ അനുഗ്രഹീത വേദാന്തിയായിരുന്നു താൻ. മൂന്നാമതായി സ്പർജൻ രേഖപ്പെടുത്തിയത്, "തന്റെ വിഭാഗത്തിന്റെ അതിരുകളോടു അത്രമാത്രം സങ്കുചിത ബുദ്ധിയുള്ള കെല്ലിയുടേതുപോലെയുള്ള മനസ്സിനെ കാണുന്നതു വളരെ ദുഃഖമാണെന്നായിരുന്നു. ഇത്ര പ്രഗത്ഭനായ ഒരു വ്യക്തി തന്റെ ഉന്നതമായ മനസ്സിനെ ഇങ്ങനെ സങ്കുചിതമാക്കിയത് വളരെ കഷ്ടമായിപ്പോയെന്നാണ് അദ്ദേഹം പറഞ്ഞത്.

പ്രപഞ്ചത്തിനുവേണ്ടി ജനിച്ച ഒരു മനുഷ്യൻ, ഡാർബിയുടെ ഉപദേശങ്ങൾക്ക് വേണ്ടി തന്റെ മനസ്സ് ഇടുക്കമാക്കിയെന്നാണ് ഒടുവിൽ സ്പർജൻ കെല്ലിയെക്കുറിച്ച് പറഞ്ഞത്.

---

## അന്ത്യകാലം



കൾട്ട് - 1

# ദുരുപദേശ സംഘടനകൾ ഒരു വിശകലനം

സി.വി.വി.

സാമുദായിക, ദുരുപദേശ സംഘടനകളുടെ തെറ്റായ പഠിപ്പിക്കലുകളും, തത്വശാസ്ത്രങ്ങളും ലാഘവത്തോട് കൂടിയല്ല ഭാവികാലത്ത് അനുഭവപ്പെടാൻ പോകുന്നത്. കഴിഞ്ഞ ഏതാനും ചില ശതകങ്ങൾ കൊണ്ട് പരസ്പരം കൂട്ടിയിണക്കിയിട്ടുള്ളതും, പരസ്പരാശ്രയത്തോടു കൂടിയതും സങ്കീർണ്ണമായ ഒരു സങ്കരവുമായി ദുരുപദേശ സംഘടനകൾ മാറിയിരിക്കുന്നു. അതിനാൽ വളരെ ശ്രദ്ധയോടുകൂടി ഒരു അപഗ്രഥനത്തിനു മാത്രമേ ഇവയെ പ്രത്യക്ഷമായ നിലയിൽ തരംതിരിക്കുവാൻ കഴിയുകയുള്ളു. ദുരുപദേശ സംഘടനകളേയും, ഇസങ്ങളേയും, തത്വശാസ്ത്രങ്ങളേയും, ചുവടെ പറയുന്ന നിലയിൽ തരംതിരിക്കാവുന്നതാണ്.

1. ക്രൈസ്തവ ദുരുപദേശ സംഘടനകൾ (Christian Cults)
2. അക്രൈസ്തവ മതാധിഷ്ഠിത ദുരുപദേശ സംഘടനകൾ (Non Christian Cults)
3. നിഗൂഢശാസ്ത്രാധിഷ്ഠിത ദുരുപദേശ സംഘടനകൾ (ക്ഷുദ്രശാസ്ത്രാധിഷ്ഠിത ദുരുപദേശ സംഘടനകൾ) (Occult)
4. മതേതര ദുരുപദേശ സംഘടനകൾ (Secular Cults)

**1. ക്രൈസ്തവ ദുരുപദേശ സംഘടനകൾ (Christian Cults)**

ക്രൈസ്തവ പശ്ചാത്തലത്തിലുള്ള ആളുകളാൽ സ്ഥാപിതമായിട്ടുള്ള ദുരുപദേശ സംഘടനകളാണ് ഇവ. ഇവർ ബൈബിളിന് വളരെക്കുറച്ച് പ്രാധാന്യം മാത്രം കൊടുക്കുകയും എന്നാൽ തങ്ങളുടെ സംഘടനകളെ "സഭകൾ" എന്ന് നാമകരണം ചെയ്യുകയും ചെയ്യുന്നു. സുവിശേഷ - വിഹിത സഭകൾ പഠിപ്പിക്കുന്നു എന്ന് പറയുന്നതിലുപരി തങ്ങൾ ക്രിസ്ത്യാനികൾ ആണെന്ന് തന്നെ പ്രഖ്യാപിക്കുകയും ചെയ്യുന്നു. ചില സംഘടനകൾ ഒരു പടി കൂടി കടന്ന് ഞങ്ങൾ മാത്രമാണ് ക്രിസ്ത്യാനികൾ എന്ന് പ്രഖ്യാപിക്കുവാൻ പോലും മുതിർന്നിട്ടുണ്ട്. ഈ കാരണങ്ങളെയെല്ലാം ഒരുമിച്ച് വിശകലനം ചെയ്താൽ ഇക്കൂട്ടരെ ക്രൈസ്തവ ദുരുപദേശ സംഘടനകൾ എന്ന് അഭിസംബോധന ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് ബോദ്ധ്യമാകും.

"ക്രൈസ്തവ ദുരുപദേശ സംഘടനകൾ" എന്ന പേര് ദൈവവചന അനുസരണമായ ക്രിസ്തീയ സമൂഹത്തെയല്ല പ്രതിനിധീകരിക്കുന്നത്. പിന്നെയോ സത്യ ക്രിസ്ത്യാനികളുമായി പലതിലും സാമ്യം പുലർത്തുന്ന ദുരുപദേഷ്ടാക്കന്മാരെയാണ് വിവക്ഷിക്കുന്നത്. സാമ്യത എന്നത് വ്യക്തിത്വ തുല്യതയെല്ല ഇവിടെ അർത്ഥമാക്കുന്നത്. നേരെ മറിച്ച് തങ്ങളുടെ ദ്രോഹചിന്തനത്തെ ഒളിപ്പിക്കുവാൻ ഉപയോഗിക്കുന്ന ശക്തമായ ഒരു ആയുധമാണ്. ക്രിസ്ത്യാനികളുമായുള്ള ദുരുപദേശ സംഘടനകളുടെ സാമ്യങ്ങളെന്നു നമുക്ക് കാണുവാൻ കഴിയും. പൊതു വെ എല്ലാവരും അറിയപ്പെടുന്ന യഹോവാ സാക്ഷികൾ, ശബത്തുകാർ എന്നിവരും ചുരുക്കമായി മാത്രം അറിയപ്പെടുന്ന ചിൽഡ്രൻ ഓഫ് ഗോഡ്, യേശുനാമക്കാർ എന്നിവരും ക്രിസ്തീയ ദുരുപദേശ സംഘടനകൾക്ക് ഉദാഹരണമാണ്. ഞങ്ങൾ ക്രിസ്ത്യാനികളാണെന്ന് സ്വയം പ്രഖ്യാപനം നടത്തുന്നുണ്ടെങ്കിലും ഇക്കൂട്ടർ കൃപയുടെ സുവിശേഷത്തിൽ തങ്ങളുടെ ദുരുപദേശങ്ങളെ കലർത്തി ഫലശൂന്യമാക്കി കളയുന്നു. അതിനാൽ വിശ്വാസികൾ ഇത്തരം പഠിപ്പിക്കലുകളെ വിഷം കലർന്ന പഞ്ചസാരയെ അഭിമുഖീകരിക്കുന്ന അതേ ഗൗരവത്തോടെ വീക്ഷിക്കേണ്ടതാണ്.

മിഷനറി സ്റ്റോറി

## അൾറിച്ച് സ്വിംഗ്ളി

സ്വിറ്റ്സർലണ്ടിലെ, തോഗ്ഗൻബർഗ്ഗ് താഴ്വരയിലുള്ള വൈൽഡ് ഗോസിൽ 1484 ജനുവരി 1 നാണ് സിംഗ്ളിയുടെ ജനനം. ബാസെൽ, ബേൺ, വിയന്ന എന്നിവിടങ്ങളിലായി പ്രാഥമീക വിദ്യാഭ്യാസം നേടിയെടുത്തു. 1504-ൽ ബി. എ. യും, 1506 ൽ എം. എ. യും കരസ്ഥമാക്കി. തോമസ് വിറ്റൻ ബാക്ക് എന്ന അദ്ധ്യാപകനിൽ നിന്നും ലഭിച്ച പ്രചോദനം നവീകരണ ചിന്താഗതികൾക്ക് തിരികൊളുത്തി. ഗ്ലേറസിൽ വച്ച് വൈദീകാഭിഷേകം നേടിയ അദ്ദേഹം തുടർന്ന് അവിടെ ശ്രേഷ്ഠകരമായ ഒരു ഇടയ ശുശ്രൂഷ ചെയ് തെടുത്തു. അദ്ദേഹം സ്വയമായി ഗ്രീക്ക്, ഹീബ്രു ഭാഷകൾ പഠിച്ചു. എറാസ്മസിന്റെ ഗ്രീക്ക് പുതിയ നിയമത്തിൽ നിന്നും പൗലോസിന്റെ ലേഖനങ്ങൾ സ്വന്തം കൈകളാൽ പകർത്തിയെഴുതി ഹൃദിസ്ഥമാക്കി. ഇത് തന്നിൽ ദൈവവചനത്തെക്കുറിച്ചുള്ള അറിവ് വളരുവാനിടയാക്കി. 1518-ൽ സൂറിച്ചിലെ ജനങ്ങളുടെ വൈദികനായി ശുശ്രൂഷ തുടങ്ങിയപ്പോൾ മുതലാണ് അദ്ദേഹത്തിലെ നവീകരണ വീര്യം പ്രോജ്ജ്വലമായത്. 1519 ജനുവരി ഒന്നു മുതൽ പുതിയ നിയമ പുസ്തകളുടെ ക്രമീകൃതമായ പ്രബോധനങ്ങൾ അദ്ദേഹം നൽകുവാൻ തുടങ്ങി. ഇതും നവീകരണ തുടക്കത്തിനു മുഖാന്തിരമായി. ഈ കാലയളവിൽ പ്ലേഗ് ബാധയാൽ അനേകർ മരണത്തോടു മുഖാമുഖം പോരാടു മ്പോൾ ആതുര സേവനത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ചു. 1523 ജനുവരി 29-ന് സ്വിംഗ്ളിയുടെ നവീകരണ ആശയങ്ങൾക്കെതിരെയുള്ള ആദ്യ സംവാദം സൂറിച്ചിൽ നടന്നു. ഇതിൽ റോമൻ കത്തോലിക്കാ സഭയുടെ നിലപാടിനെതിരെ സ്വിംഗ്ളി പ്രഖ്യാപിച്ച 67 വിശ്വാസപ്രമാണങ്ങളായിരുന്നു ചർച്ചാ വിഷയം. സൂറിച്ച് സിറ്റി കൗൺസിൽ ഇത് അംഗീകരിക്കുകയും സ്വിംഗ്ളിയുടെ പ്രവർത്തനങ്ങൾക്ക് സർവ്വ പിന്തുണയും പ്രഖ്യാപിക്കുകയും ചെയ്തു.

1522 മുതൽ 26 വരെയുള്ള കാലഘട്ടം നവീകരണ കൊയ്ത്തിന്റെ ദിനങ്ങളായിരുന്നു. സ്വിംഗ്ളിയുടെ ശക്തമായ നേതൃത്വത്തിൽ, നിർബന്ധിത നോമ്പുകൾ നിർത്തലാക്കുക, വൈദീകർക്ക് വിവാഹം അനുവദിക്കുക, വേദപുസ്തകം പരിഭാഷപ്പെടുത്തുക, ദിവ്യബലിയെ പുതിയ നിയമ ആരാധനാ ക്രമങ്ങളാൽ നവീകരിക്കുക, പ്രതിമകൾ, പ്രതിരൂപങ്ങൾ ഇവ ആരാധനാലയങ്ങളിൽ നിന്നും നീക്കം ചെയ്യുക, പോപ്പിന്റെ ഏകാധിപത്യ ഭരണ രീതി മാറ്റുക തുടങ്ങിയ വിവിധ വ്യതിയാനങ്ങൾക്കുവേണ്ടി നവീകരണ ചിന്താഗതിക്കാർ ശബ്ദമുയർത്തി. 1526-ലെ ചൂടേറിയ ബാഡെൻ തർക്കത്തിൽ സ്വിംഗ്ളിക്ക് വളരെ ഒതുങ്ങി കഴിയേണ്ടിവന്നെങ്കിലും ഗ്ലേറസ്, ഷാഫ് ഹൗസൻ, അമ്പൻസെൻ, സെന്റ് ഗാൾ എന്നീ പ്രദേശങ്ങളിലേക്കെല്ലാം തന്റെ സ്വാധീനം വ്യാപിച്ചു. രണ്ടു വർഷത്തിനു ശേഷം ബേണിൽ വച്ചു നടന്ന വാദപ്രതിവാദത്തിൽ തനിക്കനുകൂലമായ തീരുമാനങ്ങൾ വീണ്ടും ഉരുത്തിരിഞ്ഞു. ബേസൻ വൗസ്, ന്യൂചാറ്റൽ, ജനീവ എന്നിവിടങ്ങളിലേക്കും സ്വിംഗ്ളിയുടെ നവീകരണ ചിന്തകൾ വിശാലമാക്കപ്പെട്ടു. സ്വിംഗ്ളിയുടെ വിജയ മുന്നേറ്റത്തിൽ ധാരാളം പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടതായി വന്നു.

രണ്ടാം കപ്പൽ യുദ്ധത്തിൽ (1531) സ്വിംഗ്ളി കൊല്ലപ്പെട്ടു. നിരന്തരമായ മത -സാമൂഹീക പ്രവർത്തനങ്ങൾക്കു നടുവിലും അദ്ദേഹം രചനകൾക്ക് സമയം കണ്ടെത്തിയിരുന്നു. അതിന്റെ ഫലമായി Clarity and Cortarnity of Scripture (1522), Commentary on True or False Religion (1525), Eucharist (1525) Divine and Human Righteousness & Providence, Exposition of Faith (1531) എന്നീ മികവുറ്റ രചനകൾ ഉണ്ടായി. 1531- ലെ കാപ്പൽ യുദ്ധത്തിൽ മാരകമായ മുറിവേറ്റ് മരിക്കാൻ തുടങ്ങുമ്പോൾ അൾറിച്ച് സ്വിംഗ്ളി ഇപ്രകാരം അന്ത്യവാക്കുകളായി പറഞ്ഞു "They can kill the body but not the soul"(അവർക്ക് ശരീരത്തെ കൊല്ലുവാൻ കഴിയും, എന്നാൽ ആത്മാവിനെ നശിപ്പിക്കുവാൻ കഴിയുകയില്ല)

പഴമ്പുറം

## മലകളെ വഴിയാക്കും

പ്രതിബന്ധങ്ങളെ തന്റെ ഉദ്ദേശ നിവൃത്തിക്കായി ദൈവം തിരിക്കും. നമുക്കെല്ലാവർക്കും നമ്മുടെ ജീവിതത്തിൽ മലകളുണ്ട്. ദിവ്യജീവിതത്തിലുള്ള നമ്മുടെ പുരോഗമനത്തെ വിഘ്നപ്പെടുത്തുന്ന ആളുകളും കാര്യങ്ങളുമുണ്ട്. ഭാരപ്പെടുത്തുന്ന ചില അവകാശ വാദങ്ങൾ പൊരുത്തമില്ലാത്ത ചില സ്ഥിതി വിശേഷങ്ങൾ, ജഡത്തിലെ ശൂലം, ദിനംപ്രതിയുള്ള ക്രൂശ്- ഈ വകയൊക്കെ നീങ്ങിക്കിട്ടിയെങ്കിൽ കുറെക്കൂടി നല്ലവരായി ഭയമുള്ളവരായി വിശുദ്ധരായി ജീവിക്കാമായിരുന്നു എന്ന് നാം വിചാരിക്കാറുണ്ട്. അത് നീങ്ങി കിട്ടുവാൻ നാം പലപ്പോഴും പ്രാർത്ഥിക്കാറുണ്ട്.

നാം ദീർഘനാളുകളായി അഭിലഷിച്ച നന്മയുടേയും കൃപയുടേയും നിവർത്തിക്കായി നമ്മുടെ ജീവിതത്തിൽ ഇവയെ വച്ചിരിക്കയാണ്. ഏറിയ കൊല്ലങ്ങൾ ക്ഷമക്കുവേണ്ടി പ്രാർത്ഥിച്ചു, പക്ഷേ സഹിഷ്ണുതയ്ക്ക് അതീതമായി നമ്മെ പരീക്ഷിക്കുന്ന ചിലതുണ്ട്. നാം അതിൽ നിന്നും ഓടി അകന്നിട്ടുണ്ട്, ഒഴിഞ്ഞു മാറിട്ടുണ്ട്. ഉദ്ദിഷ്ട നിവൃത്തിക്കു വിഘാതം വരുത്തുന്ന ദുർഗ്ഗമ പ്രതിബന്ധമായി അതിനെ ഗണിച്ചിട്ടുണ്ട്. അവയുടെ നീക്കം ഉദ്ധാരണവും വിജയവും വരുത്തുമെന്ന് ചിന്തിച്ചിട്ടുണ്ട്.

അങ്ങനെയല്ല! പരിശോധനകളിൽ നിന്നും വിരമിച്ചാൽ അക്ഷമ ബാധിക്കും. അത് ക്ഷമയായി വരികയില്ല. ക്ഷമ പ്രാപിക്കാൻ കഴിയുന്നത് ദുർവഹമാണെന്ന് ഇപ്പോൾ തോന്നുന്നത് ഇത്തരം പരിശോധനകളിൽ കൂടി കടന്നിട്ടാണ്.

മടങ്ങുക, നിന്നെത്തന്നെ സമർപ്പിക്ക. നിന്റെ പരിശോധനകളെ അവനിൽ അഭിമുഖീകരിക്കുക. ശ്രേഷ്ഠ പരിണാമങ്ങൾ വരുത്തുന്ന പീഢകളും ഉപദ്രവങ്ങളുമാണ് ജീവിതത്തിലുള്ളത്. അവ അവന്റെ മലകളത്രേ. അവൻ അവയെ അവിടെ സ്ഥാപിച്ചു. ദൈവം തന്റെ വാഗ്ദാനങ്ങളെ നിവർത്തിക്കുമെന്ന് നാമറിയുന്നു. "ദൈവം അതിന്റെ വഴി അറിയുന്നു. അതിന്റെ ഉത്ഭവസ്ഥാനം അവനു നിശ്ചയമുണ്ട്. അവൻ ഭൂമിയുടെ അറ്റങ്ങളോളവും നോക്കുന്നു. ആകാശത്തിന്റെ കീഴിലൊക്കെയും കാണുന്നു". (ഇയ്യോബ്. 28:23,24) കരുവേലകത്തെ കൊടുങ്കാറ്റ് പരിശോധിക്ക മാത്രമല്ല, അതിനെ ദൃഢതരമാക്കുകയും കൂടി ചെയ്യുന്നു. അതു പോലെ പരിശോധനയാൽ യോഗ്യതാ പരീക്ഷണം മാത്രമല്ല നടക്കുന്നത് അതിന് വർദ്ധമാനമാക്കുകയും ചെയ്യുന്നു.



# ഇടയശുശ്രൂഷ- 8

## ഇടയന്മാരുടെ യോഗ്യതകൾ

പി. എം. ഏബ്രഹാം

ഇടയൻ ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനുമായിരിക്കണമെന്നും നാം ചിന്തിച്ചു. ഇടയന്റെ യോഗ്യതകളെക്കുറിച്ച് പ്രധാനപ്പെട്ടതാണ് അടുത്തത്.

**ഉപദേശിപ്പാൻ സമർത്ഥൻ**

(1 തിമൊ. 3:3; 5:17; എഫെ. 4:11; 2 തിമൊ. 2:2, 24).

മൂപ്പന്മാരുടെ ശുശ്രൂഷകളിൽ അതിപ്രധാനമായ ഒന്നാണിത്. എഫെസ്യർ 4:11ൽ ചിലരെ ഇടയന്മാരായും ചിലരെ ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു എന്നല്ല; ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും (Pastor-teachers)നിയമിച്ചിരിക്കുന്നുവെന്നാണ്. ഇടയൻ ഉപദേഷ്ടാവുമായിരിക്കണം.

എഫെസോസിലെ മൂപ്പന്മാർക്കു പൌലൊസ് നല്കിയ അന്ത്യ കല്പന ഒന്നു ശ്രദ്ധിക്കുക. ദുരുപദേഷ്ടാക്കന്മാരെ കൊടിയ ചെന്നായ്ക്കളോടാണ് താൻ ഉപമിച്ചത്. "ഞാൻ പോയ ശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്ന് ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേൽക്കും" (അ.പ്ര. 20:29, 30). ദുരുപദേഷ്ടാക്കന്മാർ സഭയിൽ നിന്നുതന്നെയാണ് എഴുന്നേല്ക്കുന്നതെന്ന് ഓർക്കുക. താൻ ഓരോരുത്തർക്കും 3 വർഷം ബുദ്ധിപറഞ്ഞുകൊടുത്തു. ആ ശുശ്രൂഷ ദൈവത്തിന്റെ സമ്പാദ്യമായ സഭയിൽ നിർവഹിക്കുവാനുള്ള വലിയ ദൗത്യമാണ് ഇന്നത്തെ മൂപ്പന്മാർക്കുള്ളത്. "ഉപദേശിപ്പാൻ സമർത്ഥൻ" എന്നുള്ള യോഗ്യത അനിവാര്യമാണ്. ഈ കാര്യത്തിൽ ഏറെ ശുഷ്കാന്തിയുള്ളവരായിരുന്നു പൂർവ്വകാലങ്ങളിൽ ഉള്ളവർ. ദൈവവചനത്താൽ പോഷണം ലഭിക്കാത്ത ജനത്തിന്റെ സ്ഥിതി ഏറെ പരിതാപകരമാണ്.

ദൈവജനത്തെ പരിപാലിപ്പാൻ ദൈവം നിയോഗിച്ചു എന്ന് പൂർണ്ണബോധ്യമുള്ളവർ ഇത് ഗൗരവമായി എടുത്തേ മതിയാവൂ. പാസ്റ്റർ ഒരു പുസ്തകസ്നേഹിയായിരിക്കണം. ബൈബിളും ക്രിസ്തീയഗ്രന്ഥങ്ങളും വായിക്കുവാനുള്ള ഉത്സാഹം മൂപ്പനുണ്ടായിരിക്കണം. ക്രിസ്തീയ ഗ്രന്ഥങ്ങൾ വാങ്ങുവാൻ പണം ചെലവഴിക്കുന്നതിൽ ഇടയന്മാർ ലുബ്ധത കാണിക്കരുത്. പൌലൊസ് ഒരു പുസ്തകസ്നേഹിയായിരുന്നു. തന്റെ നിര്യാണകാലം അടുത്തുവെന്ന് അറിഞ്ഞിട്ടും ഒടുവിലായി തിമൊഥെയോസിനു നല്കിയ നിർദേശം ഇങ്ങനെയായിരുന്നു. "ഞാൻ ത്രോവാസിൽ കർപ്പോസിന്റെ പക്കൽ വെച്ചേച്ചുപോന്ന പുതപ്പും പുസ്തകങ്ങളും വിശേഷാൽ ചർമ്മ ലിഖിതങ്ങളും നീ വരുമ്പോൾ കൊണ്ടുവരുക" (2 തിമൊ. 4:13). "ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്കുക" (1 തിമൊ. 4:13) എന്നപ്രബോധനവും ശ്രദ്ധേയമാണ്. മൂപ്പന്മാർ വചനം ക്രമീകൃതമായി സ്വയം പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. വചനവിരുദ്ധമായ പുതിയ കൂട്ടങ്ങളിലേക്ക് ചില സ്ഥലങ്ങളിലെങ്കിലും വിശ്വാസികൾ പോകുന്നുണ്ട്. ഇതിന്റെ പ്രധാനകാരണം പത്ഥ്യോപദേശത്തിൽ അവരെ വളർത്തുവാൻ കഴിവുള്ള നേതൃത്വത്തിന്റെ അഭാവമാണ്.

(തുടരും)

*ചിന്താശകലം*

# ദൈവത്തിന്റെ ഗോതമ്പ്

ഭക്തനായ ഒരു കർഷകന് നൂറിൽ കൂടുതൽ ഏക്കറിൽ ഗോതമ്പ് കൃഷി ഉണ്ടായിരുന്നു. ഒരു വർഷം കോടിക്കണക്കിനു വിട്ടിലും, വെട്ടുക്കിളിയും കൃഷി മുഴുവൻ നശിപ്പിച്ചു കളഞ്ഞു. ഒരു ദിവസം പട്ടണത്തിൽ വച്ച് ഒരു സ്നേഹിതനെ കണ്ടു. അവർ തമ്മിൽ കുശല പ്രശ്നം നടത്തി. സ്നേഹിതൻ പറഞ്ഞു, അല്ല ഇപ്പോൾ അല്പം ആത്മീയത്തിലാണു അല്ലേ? ശരിയാണ് ഞാൻ യേശു ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച് മാനസാന്തരപ്പെട്ടു. ഇപ്പോൾ ആത്മീയ കാര്യങ്ങളിൽ ശുഷ്ക്കാന്തിയോടെ പങ്കെടുക്കുന്നു എന്ന് കൃഷിക്കാരൻ മറുപടി പറഞ്ഞു. അപ്പോൾ ആ സ്നേഹിതൻ ചോദിച്ചു: നിന്റെ ദൈവം നിന്നോട് എന്താണ് ചെയ്തത്? നിന്റെ കൃഷി മുഴുവൻ നശിപ്പിക്കുവാൻ വെട്ടുക്കിളിയെ അനുവദിച്ചില്ലെ? അപ്പോൾ ആ വിശ്വാസി ഇപ്രകാരം പറഞ്ഞു, എന്റെ കൃഷിയോ? അങ്ങനെ കരുതുന്നത് മണ്ടത്തരമാണ്. ഗോതമ്പു ദൈവത്തിന്റെ വകയാണ്. അത് വെട്ടുക്കിളി തിന്നതിൽ ഞാൻ എന്തിനാണ് പരിഭവപ്പെടുന്നത്? ഇപ്രകാരം അലംഭാവചിന്തയോടുകൂടി ജീവിക്കുകയാണെങ്കിൽ വിപരീത സാഹചര്യങ്ങളിൽ നാം ഒരിക്കലും ഭയപ്പെടുകയില്ല. സംതൃപ്തരായിരിക്കുവാൻ കഴിയുന്നത് ഒരു വലിയ സാക്ഷ്യമാണ്.

റ്റി. വി. സാംകുട്ടി

*പ്രസംഗക്കുറിപ്പുകൾ* സി. വി. വടവന

## ദൈവം പ്രാപ്തനാകുന്നു

| | |
|---|---|
| 1. പൂർണ്ണമായി രക്ഷിപ്പാൻ | എബ്രാ. 7:25 |
| 2. നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി നൽകുവാൻ | എഫെ. 3:20 |
| 3. നിങ്ങളിൽ സകലകൃപയും പെരുകുവാൻ | 2കൊരി. 9:8 |
| 4. പരീക്ഷിക്കപ്പെടുന്നവരെ സഹായിപ്പാൻ | എബ്രാ.2:18,19 |
| 5. ആ ദിവസം വരെ സൂക്ഷിപ്പാൻ | 2തിമൊ. 1:19 |
| 6. സകലവും തനിക്ക് കീഴ്പ്പെടുവാൻ | ഫിലി. 3:21 |
| 7. വീഴാതവണ്ണം നിറുത്തുവാൻ | യൂദാ. 24 |

**ഉത്തരം തേടി - 25**

*ചോ. മുതലാളിത്തരാജ്യങ്ങളിലെ സന്മാർഗ്ഗികനിലവാരം കമ്യൂണിസ്റ്റ് രാജ്യങ്ങളിലേതിലും മോശമെന്ന പ്രചരണത്തിന് ഒരു മറുപടി?*

# സോഷ്യലിസവും കമ്മ്യൂണിസവും വചനവെളിച്ചത്തിൽ



ജോൺ സെബാസ്റ്റ്യൻ

കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രക്കാർ പൊതുവെ അമേരിക്ക പോലുള്ള മുതലാളിത്ത രാജ്യങ്ങളിലെ അഴിമതിയും, അന്യായവും, അസന്മാർഗ്ഗികതയും വൻ പ്രചരണായുധങ്ങളാക്കുന്നത് സർവ്വസാധാരണമാണ്. കമ്യൂണിസ്റ്റ് രാജ്യങ്ങളിലേക്ക് നോക്കൂ എന്നാണ് ഒടുവിൽ പറഞ്ഞവസാനിപ്പിക്കുക. മുതലാളിത്ത രാജ്യങ്ങളിലെ തിന്മകൾ ഒരളവിലല്ലെങ്കിൽ, മറ്റൊരു നിലയിൽ കമ്യൂണിസ്റ്റ് രാജ്യങ്ങളിലും നിലനില്ക്കുന്നുവെന്നതാണ് വസ്തുത. Dr. B.M. Ambedkar distinguished national service അവാർഡ് ജേതാവും, പ്രസിദ്ധ എഴുത്തുകാരനുമായ വിഷാൽ മംഗൽവാടി The quest for freedom and dignity എന്ന പ്രസിദ്ധഗ്രന്ഥത്തിൽ ഈ വിഷയത്തിൽ വെളിച്ചം വീശുന്ന ഒരു സംഭാഷണം രേഖപ്പെടുത്തുന്നു. "ഇൻഡ്യൻ വംശജനും, ഹാർവാർഡ് യൂണിവേഴ്സിറ്റി ഗ്രാഡുവേറ്റും ഇപ്പോൾ മോസ്ക്കോയിൽ ഹിന്ദിയിസം അദ്ധ്യാപകനുമാണ് Prof. Sair Singh. 1999 വേനൽക്കാലത്ത് എന്റെ മോസ്ക്കോ സന്ദർശനത്തിനിടയിൽ പ്രൊഫ. സയിർ സിംഗുമായി സംസാരിച്ചു സ്വകാര്യജീവിതത്തെപ്പറ്റി വ്യാജം പറഞ്ഞതിന്റെ പേരിൽ പ്രസിഡണ്ട് ക്ലിന്റെനെ ഇംപീറ്റ് ചെയ്ത അമേരിക്കയും, 35 മില്യൺ (3 1/2കോടി) നിരപരാധികളെ കൊന്നിട്ടും കിടക്കയിൽ സമാധാനമായി മരിക്കാൻ സ്റ്റാലിനെ അനുവദിച്ച റഷ്യയും തമ്മിലുള്ള വ്യത്യാസം ഞാൻ സയിർ സിംഗുമായി പങ്കുവച്ചു. അമേരിക്കയിലെ സന്മാർഗ്ഗിക നിലവാരം റഷ്യക്കാരന്റേതിനേക്കാൾ എന്തുകൊണ്ട് വളരെ ഉന്നതമായിരിക്കുന്നുവെന്ന് പ്രൊഫ. സയിർ സിംഗ് വിവരിക്കുകയുണ്ടായി".

അമേരിക്കയുടെ സാന്മാർഗ്ഗിക പ്രമാണങ്ങൾ രൂപം നൽകിയ ബൈബിൾ ദൈവശാസ്ത്രത്തോട് വളരെ സാമ്യമുള്ള ദൈവശാസ്ത്രം റഷ്യൻ ഓർത്തഡോക്സ് സഭയ്ക്കുണ്ടെന്നുവരികിലും ബൈബിൾ വിശ്വാസികൾക്കുള്ളതുപോലത്തെ കൃപയാൽ മാത്രം. രക്ഷയെന്ന ആത്മവിശ്വാസം റഷ്യൻ ഓർത്തഡോക്സ് സഭാഗംങ്ങൾക്കില്ല. അതുകൊണ്ട് നല്ലവരാകാനുള്ള ശ്രമം അവർ ഉപേക്ഷിക്കുന്നു. ആത്മരക്ഷയ്ക്കായി ആരും അദ്ധ്വാനിക്കേണ്ടെന്ന് സുവിശേഷ ഉണർവ്വുകാർ അമേരിക്കയിൽ പഠിപ്പിക്കുന്നു. ക്രിസ്തുമരണം പാപപരിഹാരം വരുത്തി. അവർക്ക് ക്ഷമയും, നിരപ്പും സമ്പാദിച്ചു. പ്രിയ മക്കളായി ദൈവം അവരെ സ്വീകരിച്ചു. പ്രതിഫലം സ്വർഗ്ഗത്തിലവർക്കുണ്ടെന്ന് അവർ അറിയുന്നു. ആത്മരക്ഷയ്ക്ക് ക്രിസ്തുകൃപയിൽ ആശ്രയിച്ച് രക്ഷിക്കപ്പെട്ട് പുതുമനുഷ്യരാവുക. ജീവിത നവീകരണത്തെ ആഴമായി സ്വാധീനിക്കുന്ന മറ്റൊരാശയം ഇല്ല.

# സംഗീത രത്നാവലി- 14

(മലയാള ക്രിസ്തീയ സംഗീത രചനയിൽ എക്കാലവും അജയ്യനായി നില്ക്കുന്ന മഹാകവി കെ. വി. സൈമണിന്റെ അതിപ്രശസ്തമായ ചില ഗാനങ്ങൾ അർത്ഥവും പരാവർത്തനവും സഹിതം ഈ പംക്തിയിൽ പുതിയ തലമുറയ്ക്കായി പ്രസിദ്ധീകരിക്കുന്നു).



## ദേവസുത വന്ദനം

കെ. വി. സൈമൺ

"താണ്ടവനെ"

പല്ലവി

ദേവസുതാ വന്ദനം -സദാ തവ
ദേവസുതാ വന്ദനം

ചരണങ്ങൾ

1. നാശമകറ്റുവാൻ മാനുജരൂപിയായ്
ഭൂമിയിൽ വന്നവനേ! സദാ തവ- ദേവ
2. നീതിയിൻ തീയതിൽ വെന്തെരിഞ്ഞീടുവാൻ
ദേഹം കൊടുത്ത പരാ! സദാ തവ- ദേവ
3. ഊമരുമന്ധരുമാദിയായുള്ളവർ-
ക്കാമയം തീർത്ത വിഭോ! സദാതവ- ദേവ
4. ചഞ്ചല മാനസനാകിയ പേതൃവിൻ
സങ്കടം തീർത്തവനേ! സദാതവ - ദേവ
5. മേരിയതാം വരനാരിതൻ സേവയെ
സ്വീകരിച്ചോരു ഗുരോ! സദാതവ- ദേവ
6. ചില്ലികൾ രണ്ടിനാൽ നിൻകൃപ തേടിയ
ധന്യയിൻ പൊൻകുടം നീ സദാതവ- ദേവ
7. കാരിരുൾ നീക്കിടും നിൻമുഖ ചന്ദ്രനെ
കാണുവാനാഗ്രഹമേ സദാതവ- ദേവ
8. രാജകുമാരാ!സാധുജനാവന-
ലോലുപ! വന്ദ്യവിഭോ- സദാതവ ദേവ

ദേവസുതൻ= ദേവപുത്രൻ, സദാ= എപ്പോഴും, തവ= നിനക്ക്, ആമയം= ദുഃഖം, ചഞ്ചലമാനസൻ= ചലിക്കുന്ന മനസ്സോടുകൂടിയവൻ, പേതൃ=പത്രോസ്, ചില്ലി= ഏറ്റം ചെറിയ നാണയം, വരനാരി= ശ്രേഷ്ഠയായ സ്ത്രീ, ധന്യ=കൃതാർത്ഥ, കാരിരുൾ= കൂരിരുട്ട്, സാധുജനാവനൻ= നല്ല ആളുകളെ പരിപാലിക്കുന്നവൻ, അവനം= പാലനം, (സംരക്ഷണം), ലോലുപൻ= സമർത്ഥൻ, വിഭു= പ്രഭു,

ദൈവപുത്രനായ ക്രിസ്തോ അങ്ങേയ്ക്ക് എന്നേയ്ക്കും വന്ദനം. മനുഷ്യരുടെ നാശം മാറ്റുന്നതിനായി ലോകത്തിലേക്ക് മനുഷ്യരൂപത്തിൽ വന്ന നാഥാ നമസ്കാരം. ഊമർ, അന്ധർ, ആദിയായവരുടെ രോഗം മാറ്റി അവരുടെ ദുഃഖം ഇല്ലാതാക്കിയ നാഥാ!വന്ദനം. ചഞ്ചല ഹൃദയനായ പത്രോസിന്റെ സങ്കടം തീർത്തുകൊടുത്ത വിഭോ! വന്ദനം (യോഹ.21:17-19). മറിയ എന്ന ശ്രേഷ്ഠ വനിതയുടെ സേവ സ്വീകരിച്ച ഗുരോ! വന്ദനം. (മത്താ. 26.8). ഒരു സ്ത്രീ യേശുവിന്റെ തലയിൽ വിലയേറിയ പരിമള തൈലം ഒഴിച്ചു. (മർക്കോ 14:3) ഒരു സ്ത്രീ യേശുവിന്റെ തലയിൽ വിലയേറിയ സ്വഛജടമാംസി തൈലം പൂശി (ലൂക്കോ7:37 -39) പാപിനിയായ സ്ത്രീ പരിമള തൈലം യേശുവിന്റെ കാലിൽ പൂശി. (യോഹ 12:3) വിലയേറിയ സ്വഛജടമാംസിതൈലം ഒരു റാത്തൽ ക്രിസ്തുവിന്റെ കാലിൽ മറിയ പൂശി. (യോഹ 13:2, 11:2) ഈ വാക്യങ്ങളിൽ നിന്നും മറിയ തൈലം പൂശിയെന്നു വ്യക്തമാണ്. (അവൾ ബഥന്യായിലെ വരനാരിയാണ്)
രണ്ടു കാശു ഭണ്ഡാരത്തിലിട്ട ദരിദ്രയായ വിധവയെ പ്രശംസിക്കുകയും അവളോടു കാരുണ്യവും കൃപയും കാണിക്കുകയും അവളുടെ ആരാധനാ പാത്രമാകുകയും ചെയ്തവനേ വന്ദനം. അന്ധകാരം മാറ്റുന്ന അവിടുത്തെ മുഖ ചന്ദ്രനെ കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. ചന്ദ്രൻ അന്ധകാരം മാറ്റുന്നതുപോലെ ക്രിസ്തുവിന്റെ മുഖം മനുഷ്യന്റെ മാനസീകമായ ഇരുട്ടിനെ ഇല്ലാതാക്കുന്നു. (മുഖ ചന്ദ്രൻ -രൂപകം) സാധുജനങ്ങളെ പാലിക്കുന്നതിൽ തൽപരനായ രാജകുമാരാ! വന്ദ്യനായ പ്രഭോ! അങ്ങേയ്ക്ക് എന്നുമെന്നും നമസ്കാരം.


ആത്മീയ ഗാനങ്ങൾ
പുതിയ പതിപ്പ് പ്രസിദ്ധീകരിച്ചു



ഏറ്റവും പുതിയ മലയാളം പാട്ടുകൾ. കഠിനപദങ്ങളുടെ അർത്ഥം. പഴയതും പുതിയതുമായ പാട്ടുകൾ അടങ്ങിയത്. സഭകൾക്ക് വിലയിൽ പ്രത്യേക ഇളവ്. 1001 പാട്ടുകൾ.

വില 100/-രൂപ


# ബ്രദറൺ സഭാ വാർത്തകൾ

## രോഗികൾക്കായി പ്രാർത്ഥിക്കുക

**പയപ്പാടി:-** കരൾ സംബന്ധമായ രോഗത്താൽ സുവി. മാത്യു കൊടിത്തോട്ടം തിരുവല്ല മെഡിക്കൽ മിഷനിൽ ചികിത്സയിലായിരിക്കുന്നു. കരളിന്റെ പ്രവർത്തനം നിലച്ചതിനാൽ കരൾ മാറ്റിവെയ്ക്കണമെന്നാണ് ഡോക്ടർമാർ നിർദേശിച്ചിരിക്കുന്നത്. അത്ഭുതകരമായ ദൈവിക വിടുതലിനായി പ്രാർത്ഥിക്കുക.

**കാലിഫോർണിയ:** കാൻസർ രോഗത്താൽ ഡോ. ജോർജ്ജ് എം. ഏബ്രഹാം ചികിത്സയിലാണ് സൗഖ്യത്തിനായ് പ്രാർത്ഥിക്കുക.

**മല്ലശ്ശേരി:** ബ്രദർ ഷാജി മല്ലശ്ശേരി വീഴ്ചയെ തുടർന്ന് കാലുകൾക്കു പൊട്ടലുണ്ടായി ചികിത്സയിലാണ് പ്രാർത്ഥിക്കുക.

## അറിയിപ്പ്

**രാജകുമാരി:** സഹോദരൻ സ്റ്റാൻലി ജോൺ രാജകുമാരി സഭാംഗവും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് നല്ല സാക്ഷ്യം പുലർത്തി വരുന്ന ഒരു സഹോദരനുമാണ്. സഹോദരൻ സ്റ്റുവാർഡ്സ് ബൈബിൾ കോളേജിൽ നിന്നും ദൈവവചനം പഠിച്ചതിനുശേഷം കഴിഞ്ഞ രണ്ടു വർഷമായി പൂർണ്ണ സമയ സുവിശേഷ വേലയിലായിരിക്കുന്നു. വൈ.എം.ഇ.എഫ്., എസ്.ബി.എസ് തുടങ്ങിയ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു വരുന്നു. സുവിശേഷ വേലയ്ക്കായുള്ള തന്റെ വിളിയും തിരഞ്ഞെടുപ്പും സഭയ്ക്ക് ബോദ്ധ്യമായതിനാൽ സഹോദരനെ സഭയായി ദൈവജനത്തിനു പരിചയപ്പെടുത്തുന്നു. സഹോദരനെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കേണമെ.
സഭയ്ക്കുവേണ്ടി
പി.കെ. മാത്യു, വി.പി. ജോസഫ്.
കെ. വി. പൗലോസ്

**സഹോദരന്റെ വിലാസം:**
സ്റ്റാൻലി ജോൺ
പൊന്നിട്ടപറമ്പിൽ ഹൗസ്
കുളപ്പാറച്ചാൽ പി. ഒ
കുരുവിളാ സിറ്റി 685619
ഫോൺ - 09495428844,

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**പത്താൻകോട്ട്:** ദൈവകൃപയാൽ ഇവിടെ കർത്തൃശുശ്രൂഷ അനുഗ്രഹമായി തുടരുന്നു. ആരാധനായോഗം, സൺഡേസ്കൂൾ തുടങ്ങിയവ ഭംഗിയായി നടക്കുന്നു. ഗ്രാമത്തിൽ ആരംഭിച്ചയോഗങ്ങൾ മുടങ്ങാതെ നടക്കുന്നു. ചിലർ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുവാനും ഇടയായി. ലുധിയാനയിൽ കർത്തൃശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ബ്രദർ മൊഹിന്ദർസിംഗ് മാർച്ച് 24, 25 തീയതികളിൽ കടന്നു വന്ന് പ്രവർത്തനങ്ങളിൽ സഹായിച്ചു. എമ്മവുസ് കോഴ്സിന്റെ പ്രവർത്തനവും തുടരുന്നു. അതുമൂലം അനേകഭവനങ്ങളിൽ ദൈവവചനം എത്തിപ്പാൻ കഴിയുന്നു. പഞ്ചാബിഭാഷയിൽ നാലു പുസ്തകങ്ങൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. അനുഗ്രഹങ്ങൾക്കായി തുടർന്നും പ്രാർത്ഥിപ്പാൻ അപേക്ഷിക്കുന്നു.

കെ. കെ. ഉമ്മൻ,
കെ. വി. സ്കറിയ.

## സുവിശേഷയോഗവും ക്യാമ്പും

**തഞ്ചാവൂർ:** തഞ്ചാവൂരിലും പരിസരപ്രദേശങ്ങളിലുമുള്ള സ്ഥലം സഭകൾ ചേർന്ന് 2008 മെയ് 14 മുതൽ 18 വരെ തഞ്ചാവൂർ സീയോൻ ബ്രദറൺ അസംബ്ലി ഹോൾ അങ്കണത്തിൽ വെച്ചു കൺവെൻഷൻ നടക്കുന്നതാണ്. സഹോ. പോൾ ഇമ്മാനുവേൽ (ശങ്കരൻ കോവിൽ). സഹോ. L. രാജേന്ദ്രൻ (തിരുവാരൂർ) എന്നിവർ വചനം പ്രസംഗിക്കുന്നതാണ്. പരസ്യയോഗങ്ങൾ, മിഷനറി മീറ്റിംഗ്, സോദരീ സമാജം, കുടുംബസംഗമം, ബാലസംഘം, രാത്രിയോഗങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്. അനുഗ്രഹങ്ങൾക്കായി പ്രാർ ത്ഥിച്ചാലും.
കൺവെൻഷനുവേണ്ടി,
T. K. ജോസ്,
T. M. അച്ചൻ കുഞ്ഞ്,
S. പാണ്ഡ്യൻ
വിലാസം
M. Johndas
Gospel Home,
2486 Pookkazavilor Road,
Thanjavoor, Tamil Nadu

## വിലാസമാറ്റം

സുവി. ഫിലിപ്പ് ജെയിംസ്
കോട്ടയ്ക്കൽ-വീട്
വാൽകുളമ്പ്
കോരഞ്ചിറ- പി. ഒ.
678684
പാലക്കാട് -ജില്ല.

## സുവിശേഷകൻ ബാലസംഘം ഭാരവാഹികൾ

**കല്ലിശ്ശേരി:** മാർച്ച് 3-ാം തീയതി കൂടിയ കമ്മറ്റിയിൽ കല്ലിശ്ശേരി സുവിശേഷകൻ ബാലസംഘത്തിന്റെ അടുത്ത 2 വർഷത്തേയ്ക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**പുതിയ ഭാരവാഹികൾ:-**

| | |
|---|---|
| രക്ഷാധികാരി | - എം. വി. സാമുവൽ (കിഴക്കൻ മുത്തൂർ) |
| പ്രസിഡന്റ് | - കെ. തോമസ്സ് ബേബി (കല്ലിശ്ശേരി) |
| വൈസ് പ്രസിഡന്റ് | - വി. എം. ജോൺ (പാണ്ടനാട് സൗത്ത്) |
| സെക്രട്ടറി | - ചാൾസ് വർഗ്ഗീസ് (പുളിക്കീഴ്) |
| ജോ. സെക്രട്ടറി | - ജയിസൻ ജെയിംസ് വർഗ്ഗീസ് (കല്ലിശ്ശേരി) |
| ട്രഷറർ | - കെ. എ. ബാബു (മഴുക്കീർ) |

ഈ സെന്ററിനേയും പ്രവർത്തനങ്ങളേയും ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും.

**സെന്റർ സെക്രട്ടറിയുടെ വിലാസം :**
ചാൾസ് വർഗ്ഗീസ്, ശാലേം വില്ല, വളഞ്ഞവട്ടം പി. ഒ., തിരുവല്ല.
ഫോൺ- 0469 2611607, മൊബൈ- 9847914043

സന്തോഷ് വർഗ്ഗീസ് പള്ളിപ്പാട്

## ടി. വി. പ്രോഗ്രാമുകൾ

**സത്ഗമയ:** പീപ്പിൾസ് ചാനൽ വെള്ളി 6.30 p.m. ഹിന്ദി സിറ്റിവിയിൽ തിങ്കൾ 6.00 മണിക്ക്

**ജീവാമൃതം:** പവർവിഷൻ വ്യാഴം 9.00 p.m.

ജീവവചനം
ശുശ്രൂഷയാണ്
പ്രാർത്ഥന
ആവശ്യം

## വൈവാഹികം

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് Mayur Vihar Phase-3 സഭയിൽ കൂട്ടായ്മയിലുള്ളതും ബിസിനസുകാരനുമായ നായർ പശ്ചാത്തലവുമുള്ള യുവാവിന് (27 വയസ്സ്) രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു. നാലു സഹോദരന്മാർ കുടുംബങ്ങളായി ബ്രദറൺ കൂട്ടായ്മയിലുള്ള വരാണ്.

contact No. 9818403353,
9311536929, 9313337249

# ബ്രദറൺ സഭാ വാർത്തകൾ

## സോദരീ സമാജം

**കൊട്ടാരക്കര:** ദൈവഹിതമായാൽ കൊട്ടാരക്കര സോദരീ സമാജത്തിന്റെ അടുത്ത സമ്മേളനം മെയ് 10-ാം തീയതി 10 മണിക്ക് തൃക്കണ്ണമംഗൽ സഭയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ സഹോദരിമാരും പ്രാർത്ഥനാപൂർവ്വം വന്ന് സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു. ബൈബിൾ ക്വിസ് എബ്രായർ 11 മുതൽ 13 വരെ.

സോദരീസമാജത്തിനു വേണ്ടി
ചിന്നമ്മ വർഗ്ഗീസ് (സെക്രട്ടറി)
ഫോൺ : 2454181

## റാന്നിയിൽ പ്രതിവാര ബൈബിൾ ക്ലാസ്സുകൾ

**റാന്നി:** ദൈവജനത്തിന്റെ ജീവിതപരവും ഉപദേശപരവുമായ വളർച്ചയ്ക്ക് സഹായകരമാകുക എന്ന ലക്ഷ്യത്തോടെയുള്ള ബൈബിൾ ക്ലാസ്സുകൾ ഏപ്രിൽ മുതൽ ആരംഭിച്ചു. റാന്നി സീയോൻകുന്ന് സഭാ ഹാളിൽ വെച്ച് എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരമാണ് ക്യാമ്പ് നടക്കുന്നത്. ബ്രദർ. എം. വി. ബാബു ക്ലാസ്സുകൾ എടുക്കുന്നു.

## സുവിശേഷയോഗവും സംഗീതവിരുന്നും

**ചാന്തുകാവ്:** ചാന്തുകാവ് ബ്രദറൺ സഭയുടെ ചുമതലയിൽ ഏപ്രിൽ 24 മുതൽ 27 വരെ പ്ലാക്കൽ ജംഗ്ഷന് സമീപം സുവിശേഷയോഗവും സംഗീതവിരുന്നും നടക്കും. സുവി. പി. വി. ബഞ്ചമിൻ, സുവി. ചാണ്ടപ്പിള്ള ഫിലിപ്പ് എന്നിവർ വചനം ശുശ്രൂഷിക്കും. സംഗീതശുശ്രൂഷ ഗ്രേയ്സ് മെലഡീസ്. അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കുക.

ബിനു സാമുവേൽ
വർഗ്ഗീസ് വി. റ്റി.
ജറി ജോസ് മാത്യു

## വി.ബി.എസ്.

**ചാന്തുകാവ്:** സുവിശേഷകൻ ബാലസംഘത്തിന്റെ നേതൃത്വത്തിലുള്ള വി.ബി.എസ്. ചാന്തുകാവ് ബ്രദറൺ സഭാഹാളിൽ ഏപ്രിൽ 21 മുതൽ 25 വരെ നടക്കും. ശുശ്രൂഷയുടെ അനുഗ്രഹത്തിനായ് പ്രാർത്ഥിക്കുക.

ബിനു സാമുവേൽ.

## ബാലസംഘം ക്യാമ്പ് സമാപിച്ചു

**മീൻതുള്ളി:** കണ്ണൂർ ജില്ലയിലെ മീൻതുള്ളി ബ്രദറൺ അസംബ്ലിയിൽ വെച്ചു നടന്ന എസ്.ബി.എസ്. ക്യാമ്പ് സമാപിച്ചു. പി.ഡി. ചാക്കോയുടെ അദ്ധ്യക്ഷതയിൽ കെ. യു. തോമസ് ക്യാമ്പ് ഉദ് ഘാടനം ചെയ്തു. ജോർ ജ്ജ് കോശി, ഫിലിപ്പ് കെ. ആൻ ഡ്രൂസ് എന്നിവർ ആയിരുന്നു പ്രധാന ലീഡേഴ്സ്. എസ്. കെ. ഡേവിഡ്, എം. വി. പൗലോസ്, ജോമോൻ തോമസ്, ജോസഫ് ആന്റണി, ഷാജി മാത്യു, പി. എം. ഏബ്രഹാം എന്നിവർ വിവിധ ശുശ്രൂഷകൾ നിർവഹിച്ചു.

## സുവിശേഷക്യാമ്പും സ്നാനശുശ്രൂഷയും

**അടിമാലി:** മച്ചിപ്ലാവ് സഭയുടെ സഹകരണത്തിലും എബനേസർ ഗ്രേറ്റ് വിഷൻ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിലും, 2008 ഏപ്രിൽ 1 മുതൽ 15 വരെ മച്ചിപ്ലാവിന്റെ വിവിധ പ്രദേശങ്ങളിൽ, 15 ദിവസത്തെ സുവിശേഷ ക്യാമ്പയിൻ നടത്തി. രാത്രി യോഗങ്ങൾ, പരസ്യയോഗങ്ങൾ, സംഗീത ശുശ്രൂഷ, ഭവന സന്ദർശനം, ഫിലിം പ്രദർശനം, കുടുംബ സംഗമം, തുടങ്ങിയ വിവിധ ശുശ്രൂഷകൾ നടന്നു. 13-ാം തീയതി നടന്ന സംയുക്ത ആരാധനയിൽ 120 പേരോളം പങ്കെടുത്തു. ബ്രദർ ജോർജ്ജ് പീറ്റർ, വിദ്വാൻ സി. ജെ. ചാക്കോ, തുടങ്ങിയവർ ആരാധനാ യോഗത്തിൽ വചനം ശുശ്രൂഷിച്ചു. സുവിശേഷകൻ തോമസ് ചെറിയാന്റെ ഭവനത്തിൽ നടന്ന കുടുംബ സംഗമത്തിൽ 350 പേർ പങ്കെടുത്തു. ബ്രദർ ജോൺ വർഗ്ഗീസ് (മുംബൈ) വചനം ശുശ്രൂഷിച്ചു. 6-ാം തീയതി നടന്ന സ്നാന ശുശ്രൂഷയിൽ 6 പേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. പ്രഷ്യസ് ലൈഫ് മിനിസ്ട്രീസ് പ്രവർത്തകർ ഫിലിം പ്രദർശനം നടത്തി. 30 പേർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനും നൂറുകണക്കിന് ഭവനങ്ങളിൽ സുവിശേഷം എത്തിക്കുവാനും ഇടയായി. പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കണമേ.

Evg. Thomas Cherian
Earakuzha, Machiplavu P.O.
Adimali.

## കണ്ണൂരിൽ വൈ. എം. ഇ. എഫ്. ക്യാമ്പ്

**കണ്ണൂർ:** മലബാർ വൈ. എം. ഇ. എഫിന്റെ നേതൃത്വത്തിൽ മെയ് 20 മുതൽ 22 വരെ കണ്ണൂരിൽ ബൈബിൾ ക്യാമ്പ് നടക്കും. സി. എസ്. ഐ ഹെബിഡ്സ് കൺവെൻഷൻ സെന്ററാണ് ക്യാമ്പിന് വേദിയാകുക. "ക്രിസ്തീയ സ്വാതന്ത്ര്യം" എന്നതാണ് തീം. ബെന്നി ആന്റണി (കിണർമുക്ക്), ഷാജി സാമുവൽ (അടിവാരം), എന്നിവർ പ്രബന്ധം അവതരിപ്പിക്കും. പി. എം. ജോർജ്ജ്, കെ. എൻ. തോമസ് എന്നിവർ മോഡറേറ്റർ ആയിരിക്കും. കോശി മാത്യു (മുംബൈ), ജോസഫ് ആന്റണി (കുടിയാന്മല) എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും.

എസ്. കെ. ഡേവിഡ്
തോമസ് മാത്യു.

## സുവിശേഷ വയലിൽ

**വാഗമൺ:-** തണ്ണിത്തോട് ബ്രദറൺ സഭാംഗമായ ബ്രദർ എം. റ്റി. ജോസ്, തണ്ണിത്തോട് ചില മാസങ്ങളായി വാഗമൺ ബ്രദറൺ സഭയോടുള്ള ബന്ധത്തിൽ ആയിരിക്കുന്നു. ഈ നാളുകളിൽ, സഹോദരൻ ഇവിടെയുള്ള സഭയോടുള്ള ബന്ധത്തിൽ സുവിശേഷപ്രവർത്തനങ്ങളിലും, സഭാശുശ്രൂഷകളിലും സഹകരിച്ചുവരുന്നു. തന്റെ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലും, തന്റെ വേലയ്ക്കുള്ള വിളി സഭയ്ക്കു ബോദ്ധ്യപ്പെട്ടതിനാലും തന്നെ പൂർണ്ണ സമയ സുവിശേഷകനായി സഭയായി പ്രാർത്ഥിച്ച് അംഗീകരിച്ചിരിക്കുന്നു എന്നുള്ള വിവരം ദൈവജനത്തെ അറിയിക്കുന്നു. താൻ ഇപ്പോൾ വാഗമൺ ബ്രദറൺ സഭയോടുള്ള ബന്ധത്തിൽ തമിഴ്നാട് സംസ്ഥാനത്തിൽ തേനി ജില്ലയിൽ ഉത്തമപാളയം എന്ന സ്ഥലത്ത് കർത്തൃ വേലയിൽ ആയിരിക്കുന്നു. ഇപ്പോൾ അവിടെ ഒരു ബൈബിൾ ക്ലാസ്സ് ആരംഭിക്കുവാനും ഇടയായി. തനിക്ക് ഭാര്യയും രണ്ട് മക്കളും ഉണ്ട്. സഹോദരനേയും കുടുംബത്തേയും പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്താലും. ഇവിടെ 2008 ഏപ്രിൽ 6 മുതൽ 15 പേർ കർതൃമേശയിലുള്ള ഒരു സ്ഥലം സഭാകൂടിവരവ് ആരംഭിക്കുവാനും ഇടയായി.

M.T. Jose (Evangelist),
C/o P.O. Box-2, Vagamon
Idukki Pin-685503
വാഗമൺ സഭയ്ക്കുവേണ്ടി
Evg. K.S.Gopalakrishnan
P.Vellaswamy (Elder)

## Y. M. E. F., S.B.S. ഭാരവാഹികൾ

**കൊട്ടാരക്കര:** കൊട്ടാരക്കര ബ്രദറൺ ഗോസ്പൽ ഹാളിൽ വച്ചു മാർച്ച് 16 ഞായർ 3 മണിക്ക് Prof: മാത്യൂസ് എബ്രഹാമിന്റെ അധ്യക്ഷതയിൽ കൂടിയ Y.M.E.F., S.B.S. സംയുക്ത കമ്മറ്റിയിൽ വച്ച് പുതിയഭാരവാഹികളെ തെരഞ്ഞെടുക്കുകയും ഭാവി പ്രവർത്തനങ്ങളെ കുറിച്ച് ആലോചിക്കുകയും ചെയ്തു.

### പുതിയ ഭാരവാഹികൾ

**S.B.S.**

| | | |
|---|---|---|
| രക്ഷാധികാരി | - | Prof: മാത്യൂസ് എബ്രഹാം |
| പ്രസിഡന്റ് | - | തോമസ് പി. മാത്യു |
| സെക്രട്ടറി | - | ബിനു മുളമൂട്ടിൽ |
| ജോ. സെക്രട്ടറി | - | ജെയ്സൺ കെ. ജോർജ്ജ് |
| ട്രഷർ | - | ഫിലോമോൻ കെ. |
| V.B.S.കോഡിനേറ്റർ | - | എം. സി. ചെറിയാൻ |

**Y. M. E. F**

| | | |
|---|---|---|
| പ്രസിഡന്റ് | - | വി. കെ. മാത്യു |
| സെക്രട്ടറി | - | സൈമൺ കെ. എബ്രഹാം |
| ജോ. സെക്രട്ടറി | - | ഡി. യോഹന്നാൻ |
| ട്രഷർ | - | സാം ഇടിക്കുള |

### സെക്രട്ടറിമാരുടെ വിലാസം

ബിനു മുളമൂട്ടിൽ
വേങ്ങൂർ പി. ഒ.
ആയൂർ 691533
Phone:0474 2494249
Mob:9447590519

സൈമൺ കെ. എബ്രഹാം
വാപ്പാല, ചെപ്ര. പി. ഒ.
കൊട്ടാരക്കര, 691520
Ph:0474 2492193

ബിനു മുളമൂട്ടിൽ

## നിത്യതയിൽ



**മേൽപ്പാടം:** മുളമൂട്ടുതറയിൽ എം. ജി. തമ്പി (54) നിര്യാതനായി. സംസ്ക്കാരം ബ്രദറൺ സഭാ. സെമിത്തേരിയിൽ നടന്നു. ഭാര്യ: ഓമന. മക്കൾ: സന്ധ്യ, കൊച്ചുമോൾ.



**കുമ്പഴ:** പ്ലാവേലിൽ അയിരൂക്കുഴിയിൽ ഫിലിപ്പോസ് (81) നിര്യാതനായി. സംസ്ക്കാരം പ്ലാവേലിൽ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ നടന്നു. ഭാര്യ: തങ്കമ്മ, മക്കൾ: ഓമന, മണി, ജോസ്, ലില്ലി,



**ആനിക്കാട്:** തോട്ടത്തിൽ പരേതനായ ടി. എം. ചാണ്ടിയുടെ ഭാര്യ ഏലിയാമ്മ (84) നിര്യാതയായി. സംസ്ക്കാരം ആനിക്കാട് ബ്രദറൺ സഭാ സെമിത്തേരിയിൽ നടന്നു. മക്കൾ: രാജൻ, റോസമ്മ, വൽസമ്മ, മോനമ്മ, ജോസ്, സജി,

## കുടുംബ സമ്മേളനം 2008

**കോയമ്പത്തൂർ:** കോയമ്പത്തൂർ, ഈറോഡ്, നീലഗിരി ജില്ലകളിലെ വിശ്വാസികളുടെ അഞ്ചാമത്തെ കുടുംബസമ്മേളനം മെയ് 21 മുതൽ -24 വരെ സൗത്ത് ഇന്ത്യ ബാപ്റ്റിസ്റ്റ് ബൈബിൾ കോളേജിൽ നടത്തുവാനാഗ്രഹിക്കുന്നു. (No -4 വീരപാണ്ടി, കോയമ്പത്തൂർ). ജോസ് മാങ്കുടി (പുതുപ്പള്ളി), വി. ജ്ഞാനവേൽ (തമിഴ്നാട്), സാമുവേൽ പാപ്പി (യു. എസ്. എ. ) എന്നിവർ പ്രധാന ശുശ്രൂഷകരായിരിക്കും. ഈ കുടുംബ സമ്മേളനത്തിന്റെ അനുഗ്രഹത്തിനായ് ദൈവജനം പ്രാർത്ഥിക്കുക.

തുടിയല്ലൂർ ബ്രദറൺ സഭയ്ക്കു വേണ്ടി,
വിൻസന്റ് സി. പോൾ
ധനരാജ്

April 29 2008
REGISTERED
Reg. No. 2893/86/M7
Postal Reg. No.
KL / TLA / 89 / 2006 -2008
Licence to post
without prepayment
Licence No.
L/ KL / TLA/ PP / 4

# JEEVA VACHANAM

*Fortnightly*

"\nsâ hN\w Fsâ Imen\ Zo]hpw Fsâ ]mXb¡v {]Imihpw B Ip¶p" (k¦oÀ¯\w 119:105)

JEEVA VACHANAM
SATHYAM MINISTRIES
THOTTABHAGOM P.O.,
THIRUVALLA-689 541, KERALA(S)
INDIA
Tele/Fax 0469-2619209, 2619005, 2619657
Mobile: 9447126182, 9446026182
E-mail: office@truthintl.org
web site: www.truthintl.org

## മലയാളം ഡേക്സ് ബൈബിൾ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുന്നു.

**തിരുവല്ല:** ലോകപ്രസിദ്ധ പഠന ബൈബിളായ ഡേക്സ് അനോട്ടേറ്റഡ് റഫറൻസ് ബൈബിൾ മലയാളം പരിഭാഷയുടെ രണ്ടാം പതിപ്പ് ഉടൻ പുറത്തിറങ്ങും. സത്യം പബ്ലിക്കേഷൻസ് 2007 ൽ പ്രസിദ്ധീകരിച്ച ആദ്യ പതിപ്പിനു ലഭിച്ച ആവേശകരമായ സ്വീകരണവും വർദ്ധിച്ച ആവശ്യവും മുൻനിർത്തി പുറത്തിറങ്ങുന്ന രണ്ടാം പതിപ്പിന്റെ അച്ചടി നടന്നുകൊണ്ടിരിക്കുകയാണ്. പ്രീ- പബ്ലിക്കേഷൻ ബുക്കിംഗിന് മെയ് 15 വരെ അവസരമുണ്ട്. പ്രീ-പബ്ലിക്കേഷൻ നിരക്ക്:1000 രൂപ. താല്പര്യമുള്ളവർ ഓഫീസ്സുമായി ബന്ധപ്പെടുക.

## തിരുവല്ലയിൽ യുവജന സമ്മേളനം

**തിരുവല്ല:** യൂത്ത് റിവൈവലിന്റെയും തിരുവല്ലയുടെ സമീപ പ്രദേശങ്ങളിലുമുള്ള ബ്രദറൺ സഭകളുടെയും ആഭിമുഖ്യത്തിൽ ജൂൺ 14ന് തിരുവല്ല വൈ. എം. സി. എ. ഹാളിൽവെച്ച് ഏകദിന സമ്മേളനം നടക്കും. പി. എം. മാത്യു (ബാംഗ്ലൂർ), ജോയി ജോൺ എന്നിവർ വചനം ശുശ്രൂഷിക്കും.

ജിബി ബേബി
ചാൾസ് വർഗ്ഗീസ്.

## ബി. ജി. എഫിനു പുതിയ നേതൃത്വം

**റാന്നി:** ബ്രദറൺ ഗോസ്പൽ ഫെല്ലോഷിപ്പിന്റെ പുതിയ ഭാരവാഹികളായി പി. എം. രാജൻ (പ്രസി), പി.കെ. തോമസ് (സെക്രട്ടറി), പി. ഐ. രാജൻകുട്ടി (ട്രഷറാർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. റാന്നിയിലും പരിസരങ്ങളിലുമുള്ള ബ്രദറൺ സഭകളുടെ ആത്മീയ കൂട്ടായ്മയാണ് ബി. ജി. എഫ്. സുവിശേഷീകരണമാണ് കൂട്ടായ്മയുടെ പ്രധാന ലക്ഷ്യം. ക്യാമ്പുകൾ കൺ വെൻഷനുകൾ, ഭവന സന്ദർ ശനം എന്നിവയിലൂടെ റാന്നി പ്രദേശങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഇരുപതു വർഷങ്ങൾ പിന്നിട്ട ബി. ജി.എഫിന് കഴിഞ്ഞിട്ടുണ്ട്.

## ബൈബിൾ കോഴ്സ്

**കൊല്ലം:** സോദരീഭവനിൽ നടത്തി വരുന്ന 6 മാസ ബൈബിൾ സ്കൂളിന്റെ 11-ാമതു ബാച്ച് 2008 ജൂൺ 21 ശനിയാഴ്ച ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ കോഴ്സിൽ ചേർന്നു പഠിക്കുവാൻ ആഗ്രഹിക്കുന്നവർ മെയ് 25-നു മുൻപ് ഫാറം പൂരിപ്പിച്ച് അയക്കേണ്ടതാണ്.

രക്ഷിക്കപ്പെട്ടു സ്ഥാനപ്പെട്ടു സ്ഥലം സഭയിൽകൂട്ടായ്മയിലുള്ളവർ, ദൈവപരിജ്ഞാനം ലഭിപ്പാൻ ആഗ്രഹിക്കുന്നവർ, സുവിശേഷവേല ചെയ്യുവാൻ ആഗ്രഹിക്കുന്നവർ, കുറഞ്ഞത് S.S. L.C. വരെ പഠിച്ചിട്ടുള്ളവർ, 18-25 വരെ പ്രായമുള്ളവർ തുടങ്ങിയ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

ഫോറം ആവശ്യമുള്ളവർ സോദരീഭവൻ സെക്രട്ടറിയുമായി ബന്ധപ്പെടുക.

സോദരീഭവനുവേണ്ടി
ജോയിസ് മാത്യു
സെക്രട്ടറി & ട്രഷറർ
Secretary
SodariBhavan
Near Sanker Hospital
Kollam-691001
Phone- 0474- 2744846

## ഹൈറേഞ്ച് ബിലീവേഴ്സ് കോൺഫറൻസ്

**ഇടുക്കി:** ഹൈറേഞ്ച് വൈ. എം. ഇ. എഫിന്റെ നേതൃത്വത്തിൽ ഏപ്രിൽ 29,30 തീയതികളിൽ രാജകുമാരിയിൽ ബിലീവേഴ്സ് കോൺഫറൻസ് നടക്കും. ബ്രദർ. ഇട്ടിവർഗ്ഗീസ് (മുംബൈ), ബ്രദർ വി. പി. പൗലോസ് (മണ്ണൂർ) എന്നിവരാണ് പ്രധാന ലീഡേഴ്സ്. രാജകുമാരി ബ്രദറൺ അസംബ്ലിയിൽ വച്ച് നടക്കുന്ന വിശ്വാസ സംഗമത്തിൽ ബിജു. കെ. (ആലടി), ലാലു വി. ഏബ്രഹാം, എം. കെ. ജെയിംസ്, വി. എം. പോൾ, സന്തോഷ് കുമാർ കെ. കെ. എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും. ബൈബിൾ ക്ലാസ്സ്, പരസ്യയോഗങ്ങൾ, ഗ്രൂപ്പ് ചർച്ച, തുടങ്ങിയവയാണ് മുഖ്യ പരിപാടികൾ. സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി ദൈവജനത്തിന്റെ പ്രാർത്ഥന സുവി. എം.കെ. സണ്ണി (പ്രസിഡന്റ്), സുവി. ഇ. എസ്. റജി (സെക്രട്ടറി) എന്നിവർ ആവശ്യപ്പെട്ടു.

സത്യം പബ്ലിക്കേഷൻസ്
സത്യം ദ്വിഭാഷാ പഠന ബൈബിൾ
പ്രീ-പബ്ലിക്കേഷൻ സൗജന്യം
പ്രീ-പബ്ലിക്കേഷൻ വ്യവസ്ഥകൾ
പ്രത്യേകതകൾ
ഇംഗ്ലീഷ് (NASB) ...
M.O./D.D.
Size : Demy ¼
കൂടുതൽ കോപ്പികൾ ബുക്കു ചെയ്യുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ
കൊറിയൻ പ്രിന്റ്
Sathyam Publications
Thottabhagom P.O., Manakkachira, Thiruvalla - 689 541, Kerala, India.
Tel: 0469 - 2619209, 2619657, Mobile: 0-94471 26182, 9446026182
Fax: 0469 - 2619005
E-mail : office@truthintl.org, www.truthintl.org

## വിചാരം

# പ്രവാചകർ നിശബ്ദരാകുന്നുവോ?

**സി. വി. വടവന**



നമ്മുടെ സഭയിലും സമൂഹത്തിലും പ്രവാചക ശബ്ദം വളരെ കുറവാണ്. ഇടിമുഴക്കത്തിന്റെ തിരുത്തൽ വാദികൾ നമുക്കിന്നത്യന്താപേക്ഷിതവുമാണ്. വിശ്വാസക്കപ്പൽ മുങ്ങിത്താണു കൊണ്ടിരിക്കുകയാണ്. സ്ഥിതികണ്ട് പരിതപിക്കാൻ രട്ടിലും, വെണ്ണീറിലും കഴിയുവാൻ-ദൈവത്തിന്റെ വചനം ശോധന ചെയ്യുവാൻ തയ്യാറുള്ളവരുടെ എണ്ണം ചുരുങ്ങുന്നു. സാത്താൻ വിജയക്കൊടി പാറിക്കുന്നു- തന്റെ സാമ്രാജ്യവിപുലീകരണം യിസ്രായേൽ ജനത്തെ തങ്ങളുടെ അപഥസഞ്ചാരത്തിൽ നിന്നും തട്ടിമാറ്റി നടത്തിയ ഘനമുള്ള സ്വരം നമുക്കിന്നത്യാവശ്യം. ഉപജീവനം മുടങ്ങിയാലും-കാക്കക്കൊത്തിക്കൊണ്ടു വരുന്നതു ഭക്ഷിക്കേണ്ടി വന്നാലും ദൈവത്തിന്റെ വചനത്തിനു തക്കതായി ജനത്തെ ക്രമപ്പെടുത്താനുള്ള ധൈര്യം സമ്പാദിച്ച 'ഉപദേശിമാർ' നമുക്കനിവാര്യമാണ്.

തിന്മെയ്ക്കു നന്മ എന്നു പറയുകയും, ഇരുട്ടിനെ വെളിച്ചമായും വെളിച്ചത്തെ ഇരുട്ടായും ഓമനപ്പേർ വിളിക്കുന്ന ജനത-തങ്ങൾക്കു തന്നെ ജ്ഞാനികളും തങ്ങൾക്കു തന്നെ വിവേകികളായും തോന്നുന്നവരുടെ വർദ്ധിതഗണം. വണ്ടിക്കയറുകൊണ്ട് പാപത്തെ വലിച്ചെടുപ്പിക്കുന്ന പൊതുജനം. സഹോദരനുമായി പങ്കിടേണ്ടിയ സ്വത്ത് തങ്ങൾക്കു മാത്രം ദേശമദ്ധ്യേ പാർക്കത്തക്കവണ്ണം മറ്റാർക്കും സ്ഥലം ഇല്ലാതെ ആകുവോളം വീടോടു വീടു ചേർക്കുകയും വയലോടു വയൽ കൂട്ടുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം! എന്നു പറയുവാനുള്ള ധൈര്യം എവിടെപ്പോയി? 'എന്റെ ജനമേ നിന്നെ നടത്തേണ്ടുന്നവർ നിന്നെ വഴിതെറ്റിക്കുന്നു. നീ നടക്കേണ്ടുന്ന വഴി അവർ നശിപ്പിക്കുന്നു'. എന്നു വിലപിക്കുവാൻ നമുക്കിടവരരുതല്ലോ! ആമോസിന്റെ മകനായ യെശയ്യാവ് വഴിവിട്ടജനത്തെ നോക്കിപ്പറയാൻ ശുദ്ധിയുള്ള അധരം സമ്പാദിച്ചതുപോലെ ശുദ്ധിയുള്ള ഹൃദയത്തിനുടമകൾക്കേ ഇതു സാധ്യമാകയുള്ളൂ. 'സമാധാനത്തെ ഘോഷിച്ചു നന്മയെ സുവിശേഷിക്കയും, രക്ഷയെ പ്രസിദ്ധമാക്കുകയും സീയോനോടു നിന്റെ ദൈവം വാഴുന്നു' എന്നു പറയുകയും ചെയ്യുന്ന സുവാർത്താ ദൂതന്മാർ ആദരണീയരത്രെ. ഇവരാണ് ഇന്ന ത്തെ നമ്മുടെ സഭകൾക്കാവശ്യം. ഇവരാണ് യഥാർത്ഥത്തിൽ സദ്വർത്തമാനം പരത്തുന്നവർ. നമ്മുടെ സഭയിൽ ഈ ഗണത്തിൽപ്പെട്ടവരില്ലെങ്കിൽ ഉണ്ടാകേണ്ടതിനായി യഹോവയോടപേക്ഷിക്കയത്രെ വേണ്ടിയത്. ഇവർ ഒരിക്കലും വഴക്കാളികളല്ല. ആശ്വാസപുത്രന്മാർ തന്നെയാണ്-യഹോവയുടെ വചന പ്രകാരമുള്ള ആശ്വാസപുത്രന്മാർ.

Printed, Published and Owned by C.V. Vadavana, SLS Trust, Tiruvalla, Printed at Bethany Press for Udaya Press Kottayam. Published at SLS Trust, Tiruvalla, Editor: C.V. Vadavana.